# ശാംഭവി

ത്രൈമാസിക

**Book 8 | October - December 2019 | Edition 4**



# പത്രാധിപക്കുറിപ്പ്

ജനിച്ചവൻ മരിക്കും എന്നത് ഉറപ്പ് തന്നെ. മരിച്ചവൻ വീണ്ടും ജനിക്കുമെന്ന് ഉറപ്പില്ല. എന്തെന്നാൽ ജനിച്ചവൻ മരിക്കുന്നത് നാം കണ്ടിട്ടുണ്ട്. എന്നാൽ മരിച്ചവർ അതേ രൂപഭാവങ്ങളിലൂടെ പുനർജനിക്കുന്നത് കണ്ടിട്ടില്ല. ഇതിനെ പറ്റിയെല്ലാം വ്യത്യസ്താഭിപ്രായങ്ങളുണ്ട്. അതെല്ലാം അവിടെയിരിക്കട്ടെ. ഒരു കാര്യം വ്യക്തം, ജനനമരണങ്ങൾക്കിടയിലുള്ള സുഖദുഃഖസമ്മിശ്രമായ ചലനമാണ് ജീവിതം എന്നതാണ് പണ്ഡിതപാമര ദരിദ്രസമ്പന്നഭേദങ്ങളൊന്നുമില്ലാതെ ഏവരുടെയും സ്ഥിതി.

ജനിച്ചാൽ ജീവിതം അനിവാര്യം. ഈ ജീവിതത്തെ നാം എങ്ങനെ നേരിടുന്നു എങ്ങനെ സ്വീകരിക്കുന്നു എന്നതിലാണ് നമ്മുടെ സാമർത്ഥ്യം. ആ സാമർത്ഥ്യം നേടിയെടുത്താൽ ഭൗതികമായി കാണുന്ന ജീവിതവും ആദ്ധ്യാത്മികമായി മാറും. അവിടെ ഭൗതികതയും ആദ്ധ്യാത്മികതയും ഒന്നാണ്.

പച്ചയായ ജീവിതത്തെ ആദ്ധ്യാത്മികമായി മാറ്റുന്ന ജീവിതനൈപുണികളാണ് നാം ആർജ്ജിയ്ക്കേണ്ടത്. ഇതിനെയാണ് യോഗഃ കർമ്മസു കൗശലം എന്ന് ഭഗവദ്ഗീത പറയുന്നത്. കാലദേശവ്യത്യാസങ്ങൾക്ക് അനുസരിച്ച് ചെയ്യേണ്ടതിനെയും ചെയ്യാൻ പാടില്ലാത്തതിനെയും തിരിച്ചറിയാനുള്ള ബുദ്ധിസാമർത്ഥ്യം (കാര്യാകാര്യങ്ങളുടെ ത്യാജ്യഗ്രാഹ്യവിവേകം), പ്രവൃത്തിയുടെ ഫലം എന്തു തന്നെയായാലും അത് സ്വീകരിക്കുമ്പോഴുള്ള മനോഭാവത്തിന്റെ സ്ഥിതി പ്രസാദാത്മകമായിത്തീരുക എന്നതെല്ലാം ജീവിതം ഐശ്വര്യപൂർണ്ണമാക്കാൻ ആനന്ദാത്മകമാക്കാൻ ആവശ്യമാണ്.

ഈ രണ്ട് സാമർത്ഥ്യങ്ങൾ കൈവരിക്കാൻ അനവധി ഉപായങ്ങളും മാർഗ്ഗങ്ങളും ഭാരതീയ ഋഷീശ്വരന്മാർ വിഭാവന ചെയ്ത് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇവയിൽ താന്താങ്ങൾക്ക് അനുയോജ്യമായ മാർഗ്ഗവും ഉപായവും സ്വയം സ്വീകരിച്ച് മുന്നേറുവാൻ ഏവർക്കും സാധിക്കട്ടെ എന്നാശംസിക്കുന്നു.



പുസ്തകം 8 ലക്കം 4
ഒക്ടോബർ - ഡിസംബർ 2019

വരിസംഖ്യ സൌജന്യം

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ് കുമാർ
ഡോ. അജിതൻ പി.ഐ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
കെ.പി. ശ്രീധരൻ നമ്പൂതിരി

പുറംചട്ട രൂപകല്പന
ഉണ്ണി കൊണ്ടമറുക്

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ

മുദ്രണം
മമ ഓഫ് സെറ്റ് പ്രിന്റ്
നട, **ഇരിങ്ങാലക്കുട**

# വിഷയവിവരം

1. വിരക്തിരത്നാവലി

2

3. ശ്രീപുരം ട്രസ്റ്റ്

6

1. ശ്രീലളിതാസഹസ്രനാമം വ്യാഖ്യാനങ്ങൾ, പാഠങ്ങൾ

11

2. ശ്രീലളിതാസഹസ്രനാമസ്തോത്രം

13

3. അപ്രകാശിത ലളിതാസഹസ്രനാമവും പാഠാന്തരങ്ങളും

31

# വിരക്തിരത്നാവലി

സമ്പാദക : അപർണ്ണാദേവി എ.

51. മഹേശ്വരഭയാത് രവിർഭ്രമതി കാഞ്ചനാദ്രിം സദാ
പ്രജാഘശുഭകർമണാം ഭവതി കിം ച സാക്ഷീ ഭൃശം
വിഹീനദശനാനശ്ചരുഹവിഃ സമശ്നാത്യഹോ
കുതോസ്യ സുഖമാത്മനഃ പരമനുരുമത്സാരഥേഃ

52. ശുഭാശുഭമഖേ ഹൃതം വഹതി ഭൂസുരൈരാനനേ
തദർപയതി ഹവ്യവാഡ് യജനദേവതാഭ്യോ ഹവിഃ
പചത്യപി ച ഷഡ് രസാൻ നൃജഠരേ തഥാ മന്ദിരേ
കുതോസ്യ സുഖമസ്തി ഹ നിയതദീപഭാവാന്നിശി

53. സഹസ്രഭഗവാൻ ഹരിഃ കഥമസൗ സുഖം പ്രാപ്നുയാ
ന്ന ചൈകസുഭഗാന്വിതോപി ച നരസ്ത്വിലോകേ സുഖീ
ശരീരചരുയാജിനാം രണധനഞ്ജയേ പ്രീതയേ
സ്വഭോജ്യഗണികാങ്ഗനാവ്രജനിയോജകശ്ചാനിശം

54. സുഖീ ഭവതി കിം വിധീർവിവിധസൃഷ്ടിസങ്കല്പവാൻ
ജിതേന്ദ്രിയതീശ്വരാദരണചിത്തവൃത്തിഃ സദാ
സ്വപൂർവചതുരാനനപ്രചുരമുണ്ഡമാല്യം പരം
മഹേശഗളമണ്ഡനം മനസി ചിന്തയൻ  ബുദ്ധിമാൻ

55. സുഖീ കഥമധോക്ഷജോ രഘുകുലാവതംസഃ പരം
ദശാനനവധോത്സുകോ നരഹരിർമഹാവാമനഃ
ഫണീന്ദ്രശയനഃ പയോനിധിനികേതനഃ ശ്രീപതിർ
ധരാധരധരഃ പുമാൻ  ബഹുളവേഷധാരീ യഥാ

56. മഹാപിതൃവനാലയോ നരകരോടിമാലാധരഃ
പിശാചഗണസംവൃതഃ കരടിചർമവാസോധരഃ
ചിതാഭസിതലേപനോ വിഷധരേന്ദ്രഭൂഷോ ഹരോ
വിരൂപനയനഃ സുഖീ ഭവതി കിം ച ഭിക്ഷാടനഃ

57. വിധിപ്രമുഖദൈവതൈർമനസി കാങ്ക്ഷണീയം മുഹു
നിർദാനമമൃതസ്യ യത് സകലദേവതാംശാത്മകം
നൃജന്മ ഭുവി ദേഹിനാം പരമദുർലഭം ഹാടകം
കരോതി കുമതിർവൃഥാ ഭുവി യഥാ ഹ്യപാത്രേ വ്യധാത്

58. ദ്വിജത്വമപി ദുർലഭം വരകുലോദ്ഭവത്വം നൃണാം
ത്രയീവിഹിതകർമകൃത്ത്വമപി ശാംഭവത്ത്വം തതഃ
വിശുദ്ധമതിസംഗമോ വിമലബുദ്ധിമത്ത്വം പരം
ത്വിദം ഭവതി യസ്യ വൈ സുകൃതിശാലിനാം സോഗ്രണീഃ

59. ഗതം ന ലഭതേ ജനഃ ക്ഷണലവാംശമപ്യായുഷഃ
സദാ വിഷയവാസനാക്ഷപിതകാലവൃത്തേർബത
ലഭേത സികതാഗതം ജലമപി പ്രയത്നാന്ന തത്
തതഃ കുരു തദൈശ്വരം സഫലമാത്മസംയോജനാത്

60. നര സ്മര ന താം വൃഥാ വിഷലതാമിമാം സുന്ദരീം
സ്തനദ്വയസുമഞ്ജരീമധുരപല്ലവാം മോഹിനീം
ഭവജ്വരവികാരദാമസഹനീയതൃഷ്ണാവഹാം
സ്ത്രിയഃ വിചിന്തനാദപി വിമോഹയന്ത്യദ്ഭുതം

61. അസത്യനിലയം പരം ദുരിതകൃഷ്ണവർത്മേന്ധനം
പരാർതികരണക്ഷമം പരുഷമോഹഗർവാലയം
അചഞ്ചലസുധീമനഃകുലഗിരീന്ദ്രവജ്രായുധം
കഥം ഹി രമണീജനം കമലസംഭവോജീജനത്

62. വശീകരണമന്ത്രമദ്ഭുതമപാരവീര്യം സ്മരഃ
പ്രയോഗകുശലഃ സ്വയം ഖലു ജപൻ സദാ
പ്രസിദ്ധമബലേതി തം ത്രിഭുവനസ്ഥജന്തുഷ്വസൗ
കരോതി സഫലം തതഃ സ്മരഹരേതി മന്ത്രം ജപ

63. ഗതാനുഗതികാ ജനാഃ ധ്രുവമിമേ ജഗത്യാം സുധീർ
ന കോപി സുവിചാരവാൻ യദബലേതി മത്താഃ സ്ത്രിയഃ
വിചിത്രമിഹ താ ബലപ്രകൃതിധർമതേജസ്തപോ
ധനാന്യപഹരന്തി യാഃ സ്മരണമാത്രതോ ജാഗ്രതി

64. സുതേന സുഗതിഃ പിതുഃ  സ്മൃതിഗിരേരിതേതി ധ്രുവം
തഥൈവ തപസാ ഗതിർന ഖലു പുത്രഹീനസ്യ കിം
തദർഥമബലാനലേ ബഹുധനേന്ധനപ്രോജ്ജ്വലേ
പതങ്ഗ ഇവ ദീപകേ  പതതി സത്തപോബാധകേ

65. വൃഥാ ബഹുധനവ്യയൈർവ്രതജപൈഃ പ്രജോത്പാദനം
കരോതി വിബുധോപി കിം ജഗതി ധർമപത്ന്യാ മുദാ
സ ചേത് കുചരിതോ ഭവേദ് ഭവതി പുണ്യലോകസ്ഥിതേഃ
പിതുഃ പതനകാരണം പ്രകടമൈഹികേ ചായശഃ

66. പിതാ ഭവതി രേതസാ സ്വയമിഹൈവ പുത്രാത്മനാ
ത്രയീ ഭവതി തത്തഥാ  വിദിതമേതദത്യദ്ഭുതം
സ്വകർമപരിപാകതോ ഭവതി ജന്മ ചേതി ശ്രുതം
ശ്രുതേർഹി വചനം തദർഥമവബുധ്യതേ നോ ജഡഃ

67. അജസ്യ പരമാത്മനോ ന ഖലു ശുക്ലമാഹാരജം
പിതൃത്വമിവ വന്ധ്യപുംസ ഇഹ നൈവ സംഭാവിതം
അലിങ്ഗസുഖചിത്തനോഃ പരിണതിശ്ച നോ കർമജാ
സദാദ്വയസദാത്മനഃ ശ്രുതിവിധിശ്ച കോപ്യസ്തി നോ

68. ധനം സ്വസുഖകാരണം നിമിഷശസ്ഥാ ലേശശോ
നരേണ ബഹുവിദ്യയാ പരമമാർജനീയം ഭുവി
നീതിവചനം  ഹി തത് ഖലു ജഡം സുഖസ്യാത്മനഃ
കഥം ഭവതി കാരണം ഭുവി വിചാരവാൻ കോപി ന

69. ധനം മദവിവർധനം പതിസതീമനോഭേദനം
കുനീതിജനഭ്രൂഷണം നടനടീസമാകർണനം
പ്രപഞ്ചതരുജീവനം പ്രണയതൈലസംശോഷണം
കഥം ഹി വിദ്വേഷ്യതേ കുമതിഭിഃ പ്രകോപോ യഥാ

70. നിരന്തരസുഖപ്രദം നിടിലലോചനം നിഷ്കലം
മമത്വപരിമോചനം മദനവൈരിണം തം പ്രഭും
വിഹായ വിബുധോപി കിം വിഭവസിദ്ധയേ കുത്സിതം
നരം നരകഭാഗിനം സതതമാശ്രയത്യാത്മഹാ

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT TRIMONTHLY

FORM I

# SHAAMBHAVI

See Rule 3

| | | |
|---|---|---|
| 1. Place of Publication | : | Thrissur |
| 2. Periodicity of publication | : | Quarterly |
| 3. Printer's Name | : | K.P. Sreedharan Namboothiri |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 4. Publisher's Name | : | K.P. Sreedharan Namboothiri |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Editor's Name | : | D. Prakash |
| Nationality | : | Indian |
| Address | : | Shripuram Trust<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Owner's Name | : | Shripuram Publications |
| Address | : | Shripuram Trust<br>(Reg. No. 201/IV/2005)<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 6. Printed at | : | Mama Printers,<br>Nada, Irinjalakuda<br>Thrissur. |

I, K.P. Sreedharan Namboothiri, hereby declare that the particulars given above are true to the best of my knowledge and belief.

Irinjalakuda
14/02/2012

**K.P. SREEDHARAN NAMBOOTHIRI**
**PUBLISHER**

# ശ്രീപുരം ട്രസ്റ്റ്

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടക്കടുത്ത് മാടായിക്കോണം എന്ന പ്രദേശത്ത് സുന്ദരമായ പ്രകൃതിയാൽ ചുറ്റപ്പെട്ട് നിലകൊള്ളുന്ന ഒരു ഗവേഷണസംരംഭമാണ് ശ്രീപുരം ട്രസ്റ്റ്. കേരളത്തിലെ പ്രശസ്ത ആദ്ധ്യാത്മിക ആചാര്യനായ ശ്രീ എൽ. ഗിരീഷ് കുമാർ ആണ് 2005-ൽ ഇത് സ്ഥാപിച്ചത്. ഭാരതീയ സംസ്കാരത്തിന്റെയും വിശിഷ്യാ തന്ത്രശാസ്ത്രത്തിന്റെയും പഠനഗവേഷണങ്ങൾക്കായി രൂപീകരിക്കപ്പെട്ട ഈ സ്ഥാപനത്തിൽ തത്സംബന്ധവിഷയങ്ങളിൽ അഭിജ്ഞരായ ചിലരുംകൂടി ചേർന്നു പ്രവർത്തിച്ചുപോരുന്നു. ശ്രീ ലളിതോപാഖ്യാനത്തിൽ വർണ്ണിച്ചിട്ടുള്ള ശ്രീലളിതാപരമേശ്വരിയായ മഹാത്രിപുരസുന്ദരിയുടെ വാസസ്ഥാനമാണ് ശ്രീപുരം. ഈ സംരംഭത്തിന്റെ ആധിപത്യസ്ഥാനം (chair person) ആ മഹാദേവിക്കായതിനാൽ ഈ നാമം സ്ഥാപനത്തിന് അന്വർത്ഥമാണ്.

## സ്ഥാപനോദ്ദേശം പ്രവർത്തനങ്ങൾ

കേരളത്തിലെ ആദ്ധ്യാത്മിക മണ്ഡലത്തിലും തന്ത്രശാസ്ത്രത്തിലും ലോകത്തിലാകമാനം വ്യാപിച്ചുകിടക്കുന്ന തത്സംബന്ധിയായ അക്കാദിമകമണ്ഡലത്തിലും കാലാനുസൃതമായി സാരമേറിയതായ സംഭാവനകൾ നല്കുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പരമമായ ഉദ്ദേശം. വർത്തമാനകാലത്തെ മനുഷ്യന്റെ മാനസിക-ബൗദ്ധിക-സാംസ്കാരിക പുരോഗതിക്കും നിരന്തരം അവനെ അലട്ടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനും ഉത്തമമായ മാർഗ്ഗം തന്ത്രശാസ്ത്രം നിർദ്ദേശിച്ചിട്ടുള്ള സിദ്ധാന്തങ്ങളുടെ ശരിയായ രീതിയിലുള്ള പ്രയോഗങ്ങളാണെന്നുള്ള പൂർണ്ണ മായ തിരിച്ചറിവാണ് ശ്രീപുരം ട്രസ്റ്റ് സ്ഥാപിക്കുന്നതിന് വഴി തെളിച്ചത് ജാതിമതലിംഗരാഷ്ട്രഭാഷാഭേദമന്യേ മനുഷ്യപുരോഗതിയ്ക്ക് ക്രാന്തദർശികളായ ഭാരതീയമഹർഷിമാർ വികസിപ്പിച്ചെടുത്ത ഈ മഹാപന്ഥാവിനെ ആധുനികലോകത്തെ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുക എന്നതാണ് ഈ സ്ഥാപനം ഏറ്റെടുത്തിരിക്കുന്ന ദൗത്യം. ഇനി താഴെ വിവരിക്കുന്ന വിവിധ വിഭാഗങ്ങളായാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

## ശ്രീപുരം ഗവേഷണവിഭാഗം

തന്ത്രശാസ്ത്രത്തിലെ വിവിധമേഖലകളിൽ അക്കാദമികമായ പഠനഗവേഷണങ്ങൾ നടത്തുകയാണ് ഈ വിഭാഗത്തിന്റെ ചുമതല. ഉയർന്ന സർവകലാശാലാബിരുദധാരികളായവരും തന്ത്രശാസ്ത്രത്തിലെ വിവിധ വിഷയങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരും ചേർന്നാണ് ഇത് നിർവഹിക്കുന്നത്. ഇനിയും പഠനഗവേ

ഷണങ്ങൾക്ക് വിധേയമായിട്ടില്ലാത്ത അപൂർവ വിഷയങ്ങളെക്കുറിച്ച് പഠിക്കു കയും ലേഖനങ്ങളിലൂടെയും പുസ്തകങ്ങളിലൂടെയും സാമാന്യജനസമക്ഷമെത്തി ക്കുകകയും ചെയ്യുക എന്നതാണ് ഈ വിഭാഗത്തിന്റെ ലക്ഷ്യം.

## ശ്രീപുരം താളിയോല വിഭാഗം

കേരളത്തിനകത്തും പുറത്തും വ്യാപിച്ചുകിടക്കുന്ന തന്ത്രശാസ്ത്രസംബന്ധി കളായ താളിയോലകളെ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സംരക്ഷിക്കുക യും അവയെ അക്കാദമിക ഗവേഷണങ്ങൾക്കും മറ്റു തന്ത്രശാസ്ത്ര ഗവേഷണങ്ങ ൾക്കും വിധേയമാക്കുകയും ചെയ്യുക എന്നതാണ് ഈ വിഭാഗം ചെയ്തുവരുന്നത്. വ്യക്തിഗതങ്ങളായ സ്ഥാപനങ്ങളിലോ കുടുംബങ്ങളിലോ സൂക്ഷിച്ചിട്ടുള്ള താളി യോലകളുണ്ടെങ്കിൽ ഇവിടെ സമീപിച്ചാൽ അവ ഡിജിറ്റലൈസ് ചെയ്തുതരുന്ന തായിരിക്കും.

## ശ്രീപുരം പൂജാവിഭാഗം

തന്ത്രശാസ്ത്രത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ് ഇതിൽ പ്രതിപാദിച്ചിട്ടുള്ള പൂജകളും മറ്റു ചടങ്ങുകളും. ഇതിനെ ക്ഷേത്രസംബന്ധിയായതെന്നും അല്ലാത്ത തെന്നും രണ്ടായി തരംതിരിക്കാം. മനുഷ്യന്റെ വിവിധ ലക്ഷ്യങ്ങളെ പ്രാപിക്കാ നായി മഹർഷിവര്യന്മാർ വികസിപ്പിച്ചെടുത്തിട്ടുള്ള മാർഗ്ഗങ്ങളാണ് തന്ത്രാഗമ സംഹിതാഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള പൂജകളും മറ്റു സാധനാസമ്പ്രദാ യങ്ങളും. ക്ഷേത്രക്ഷേത്രേതര പൂജാവിധികളിൽ വിദഗ്ധരായവരാണ് ഇവിടെ ഈ വിഭാഗം കൈകാര്യം ചെയ്തുവരുന്നത്. കേരളത്തിൽ വിവിധയിടങ്ങളിലാ യി അപൂർവങ്ങളായി നിലനിന്നിരുന്നതും കുറച്ചു കാലങ്ങളായി നിന്നുപോയതു മായ വിവിധ തരത്തിലുള്ള പല ആചാരാനുഷ്ഠാനങ്ങളുടെയും കാലാനുസൃതമായ പുനരുദ്ധാരണത്തിനുവേണ്ട നിർദ്ദേശങ്ങൾ ഇവിടുന്നു നല്കിവരുന്നു. അതിനുപുറ മേ വിവിധ കുടുംബദേശക്ഷേത്രങ്ങളിലെ താന്ത്രിക ചുമതലയും ഇവിടെ ഏറ്റെടു ത്തു നടത്തിപ്പോരുന്നു. കേരളത്തിൽ വർത്തമാനകാലത്തിലോ സമീപഭൂതകാ ലത്തിലോ കേട്ടുപരിചയമില്ലാത്തതും അപൂർവങ്ങളായ താളിയോലകളിൽനി ന്നെടുത്തിട്ടുള്ളതുമായ പൂജാസമ്പ്രദായങ്ങൾ ഇവിടത്തെ ഗവേഷകരുടെ പഠനമ നനങ്ങളിലൂടെ പ്രാവർത്തികമായിട്ടുണ്ട്.

## ശ്രീപുരം അഷ്ടനാഗേശ്വരക്കാവ്

കേരളത്തിലെ സർപ്പക്ഷേത്രങ്ങളിൽ ഇദംപ്രഥമമായി അഷ്ടനാഗങ്ങളും അവരുടെ അധിപതിയായി നാഗേശ്വരനായ ശിവനും അഷ്ടനാഗേശ്വരിയായ നാഗകാളിയും കുടികൊള്ളുന്ന അതിവിശിഷ്ടമായ ഒന്നാണ് ശ്രീപുരം അഷ്ടനാ ഗേശ്വരക്കാവ്. 2015-ലാണ് ഈ ക്ഷേത്രം പ്രതിഷ്ഠിക്കപ്പെട്ടത്. പ്രധാനമായും ആദ്ധ്യാത്മിക സാധനയ്ക്കുവേണ്ടി നിർമ്മിക്കപ്പെട്ട ഇവിടം എല്ലാ മലയാളമാസ

ത്തിലെയും ആയില്ല്യംനാളിൽ പൊതുജനങ്ങൾക്കുവേണ്ടി തുറന്നുകൊടുക്കപ്പെടുന്നു. പരമാദ്വയവാദത്തിലൂന്നിയ അഭേദാചാരപ്രകാരമാണ് ഇവിടത്തെ പൂജാക്രമങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ദശാബ്ദങ്ങളായി നിന്നുപോയതും താളിയോലകളിൽ മാത്രമായി ഒതുങ്ങിപ്പോയതുമായ അനവധി സർപ്പാരാധനാസമ്പ്രദായങ്ങൾ ഇവിടെ പുനരുദ്ധരിച്ച് ആചരിക്കപ്പെടുന്നു. ഈ ക്ഷേത്രത്തിന്റെ പ്രതിഷ്ഠയോടുകൂടിയും അതിനുശേഷം തുടർച്ചയായി രണ്ടു വർഷവും 'നാഗബലി' എന്ന അത്യപൂർവവും അതിവിശിഷ്ടവുമായ ഒരു പൂജാവിധാനം ഇവിടെ നടത്തുകയുണ്ടായി. ജാതിലിംഗഭേദമന്യേ ഈ ചടങ്ങിൽ അന്നേദിവസം സന്നിഹിതരായ എല്ലാവരും ഭാഗഭാക്കായിരുന്നു. താന്ത്രികചിന്ത മാനവികതയ്ക്കാണ് പ്രഥമ പരിഗണന നല്കിയിരിക്കുന്നത് എന്നും മനുഷ്യർക്കിടയിൽ യാതൊരു വിഭാഗീയതയ്ക്കും പ്രാധാന്യമില്ലായെന്നുമുള്ള ആർഷചിന്തയാണ് ഇത്തരം വിപ്ലവാത്മകമായ പ്രവർത്തനങ്ങൾക്കുള്ള പ്രേരണ. ഇതു കൂടാതെ കാളസർപ്പദോഷശമനത്തിനായുള്ള 'സർപ്പപ്രസാദഹോമം'. സർപ്പബലി തുടങ്ങി മറ്റു വഴിപാടുകളെല്ലാംതന്നെ താളിയോലകളിൽനിന്നും മറ്റും കണ്ടെടുത്തു പഠനവിധേയമാക്കി ഈ ക്ഷേത്രത്തിലേക്കു മാത്രമായി പ്രത്യേകം ചിട്ടപ്പെടുത്തിയതാണ്.

## ശ്രീപുരം പബ്ലിക്കേഷൻസ്

തന്ത്രശാസ്ത്ര സംബന്ധികളായ പുസ്തകങ്ങളുടെ പ്രസാധനം ചെയ്യുന്ന വിഭാഗമാണ് ശ്രീപുരം പബ്ലിക്കേഷൻസ്. കേരളക്ഷേത്ര സംബന്ധികളായ പൂജാപദ്ധതി ഗ്രന്ഥങ്ങൾ, സ്തോത്രഗ്രന്ഥങ്ങൾ മറ്റു കൃതികൾ തുടങ്ങി ഇവിടെനിന്നു പ്രസിദ്ധീകരിച്ച പല പുസ്തകങ്ങളും ഇന്ന് കേരളം മുഴുവൻ പ്രസിദ്ധമാണ്.

## ശാംഭവി (ത്രൈമാസിക)

വിവിധ ഗവേഷണ പ്രബന്ധങ്ങളും മറ്റു ലേഖനങ്ങളും പ്രസിദ്ധീകരിക്കുന്ന ഒരു ത്രൈമാസികയാണ് ശാംഭവി. പുതിയ കാലഘട്ടത്തിനു ഏറ്റവും അനുയോജ്യമായി പ്രായോഗികമാക്കാൻപോന്ന ചിന്തകളടങ്ങിയ ഭാരതത്തിലെ പ്രാചീന ദർശനങ്ങളിലൊന്നായ പരമാദ്വയവാദം എന്ന സിദ്ധാന്തത്തിന് പൂർണ്ണമായും പ്രാധാന്യം കൊടുത്തിട്ടുള്ള ഒന്നായ ഈ മാസിക രജിസ്റ്റർ ചെയ്യുവർക്ക് പോസ്റ്റൽവഴി തികച്ചും സൗജന്യമായാണ് ഇത് അയച്ചുകൊടുക്കപ്പെടുന്നത്.

## ശ്രീപുരം വെബ്സൈറ്റ്

ക്ഷേത്രതന്ത്രവുമായി ബന്ധപ്പെട്ടുള്ളതും അല്ലാത്തതുമായ വിവിധ അപ്രകാശിതഗ്രന്ഥങ്ങളും ആദ്ധ്യാത്മികപ്രഭാഷണങ്ങളും മറ്റു നിരവധി വിലയേറിയ അറിവുകളും അടങ്ങിയ മനോഹരമായതും വിപുലമായതുമായ ഒന്നാണ് ശ്രീപുരം വെബ്സൈറ്റ്. ഇതിലടങ്ങിയിരിക്കുന്ന എല്ലാ വിവരങ്ങളും രജിസ്റ്റർ ചെയ്യുവർക്ക് സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്നതാണ്.

ഇതിലെ എല്ലാ അറിവുകളും അമൂല്യങ്ങളാണെന്നും ആയതിനാൽ പണംകൊണ്ട് അളന്നു തിട്ടപ്പെടുത്താൻ സാധിക്കില്ലെന്നുമുള്ള തിരിച്ചറിവാണ് സൗജന്യമായി ഇതെല്ലാം ലഭ്യമാക്കാനുള്ള പ്രചോദനം.

## മറ്റു പ്രവർത്തനങ്ങൾ

ശ്രീപുരം ട്രസ്റ്റ് പ്രധാനമായും ഒരു അദ്ധ്യാത്മിക സംരംഭമാണ്. ആത്മസാക്ഷാത്കാരം എന്ന മനുഷ്യന്റെ പരമമായ ലക്ഷ്യത്തിനുതകുന്ന ഉപായങ്ങൾ അന്വേഷിക്കുക എന്നതാണ് ഇതിന്റെ ആത്യന്തിക ലക്ഷ്യം. പ്രാചീന ഋഷിവര്യന്മാർ ആദ്ധ്യാത്മികം ഭൗതികം എന്നീ വേർതിരിവുകൾ ഉണ്ടായിരുന്നവരല്ല. മനുഷ്യജീവിതത്തിലെ നിസ്സാരമെന്നു തോന്നിക്കുന്ന ഓരോ നിമിഷങ്ങളും പരമമായ ദിവ്യസ്പന്ദനത്തിന്റെ കയ്യൊപ്പോടുകൂടിയതാണെന്നും ഏറ്റവും ചെറിയതായ ആഗ്രഹങ്ങളുടെ സഫലീകരണംപോലും പരമപദത്തിലേക്കുള്ള ചവിട്ടുപടികളിലൊന്നാണെന്നും അവർ ഉദ്ഘോഷിച്ചു. ഈ ചിന്തയിലൂന്നിത്തന്നെയാണ് ശ്രീപുരം ട്രസ്റ്റ് പ്രവർത്തിക്കുന്നത്. ആത്മാർത്ഥമായി ആത്മാന്വേഷണം നടത്തുന്നവർക്കുവേണ്ട എല്ലാ സഹായങ്ങളും നിർദ്ദേശങ്ങളും ഇവിടുന്ന് ചെയ്തുവരുന്നു. അതിനോടൊപ്പം സാമൂഹിക സാംസ്കാരികാഭിവൃദ്ധിയ്ക്കായി തന്ത്രശാസ്ത്രപ്രതിപാദിതങ്ങളായ യാഗങ്ങൾ തുടങ്ങിയവ നടത്തിപ്പോരുന്നു.

## ലളിതാമഹായാഗം

ശ്രീലളിതാസഹസ്രനാമത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഒരു വിശേഷപ്പെട്ട യാഗസമ്പ്രദായമാണിത്. വ്യക്തിയുടെയും സമൂഹത്തിന്റെയും ഉയർച്ചയ്ക്കും സമ്പത്സമൃദ്ധിക്കും വേണ്ടിയാണ് ഇത് നടത്തപ്പെടുന്നത്. ഈ വിശേഷയാഗക്രമം കേരളത്തിൽ ആദ്യമായി അരങ്ങേറിയത് ശ്രീപുരം ട്രസ്റ്റിന്റെ നേതൃത്വത്തിലാണ്. കേരളത്തിന്റെ വിവിധഭാഗങ്ങളിലായി നിരവധി തവണ ഇത് നടത്തപ്പെട്ടു.

## ദേവീമാഹാത്മ്യപ്രചാരണം

ഭാരതത്തിലുടനീളം പ്രശസ്തമായ മഹാമന്ത്രസ്വരൂപത്തിലുള്ള ഒരു സ്തോത്രമാണ് ദേവീമാഹാത്മ്യം. ഒരു മനുഷ്യനാവശ്യമായ എല്ലാവിധ ഐശ്വര്യങ്ങളും പ്രതിസന്ധികളിൽ കൈത്താങ്ങും പരമമായ ജ്ഞാനവും ഈ ഗ്രന്ഥത്തിന്റെ പാരായണത്തിലൂടെ കൈവരുന്നു. ഈ ഗ്രന്ഥത്തിന്റെ പാരായണവും പ്രാധാന്യവും സാമാന്യജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിന്റെ വിവിധഭാഗങ്ങളിലായി പ്രഭാഷണപരമ്പരകളും ദേവീമാഹാത്മ്യപാരായണപരിശീലനങ്ങളും ശ്രീപുരം ട്രസ്റ്റിന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നു. ദേവീമാഹാത്മ്യത്തിന്റെ വിശദമായ വിവരണവും സംശുദ്ധ PDF പാഠവും ശ്രീ ചെത്തല്ലൂർ ഇടമന വാസുദേവൻ നമ്പൂതിരിയുടെ അതിമധുരസ്വരത്തിൽ ആല

പിച്ചിട്ടുള്ളതായ ശബ്ദരേഖയും ചേർത്ത് ശ്രീപുരം വെബ്സൈറ്റിൽ സൗജന്യമായി ലഭ്യമാണ്.

## ചണ്ഡീയാഗം

ദേവീമാഹാത്മ്യവുമായി ബന്ധപ്പെട്ട ഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടുള്ള ഒരു വിശേഷയാഗസമ്പ്രദായമാണ് ചണ്ഡീയാഗം. പത്ത്, നൂറ്, ആയിരം, പതിനായിരം, ലക്ഷം എന്നിങ്ങനെ ഹോമാവർത്തികളാൽ ഹോമിക്കപ്പെടുന്ന ഈ യാഗക്രമത്തിൽ അതിനനുസരിച്ച് പുരോഹിതന്മാരും ആവശ്യമാണ്. കേരളത്തിലാദ്യമായി ജാതിമതവർണ്ണലിംഗഭേദമോ വിധവാഭർതൃമതീഭേദമോ ഇല്ലാതെ സാമാന്യജനങ്ങൾ പുരോഹിതന്മാരും പുരോഹിതകളുമായി നടത്തപ്പെട്ട സംരംഭമാണിത്.

## അദ്ധ്യാത്മികമണ്ഡലത്തിലേക്കുള്ള സംഭാവനകൾ

ഭാരതത്തിലാകമാനം അദ്ധ്യാത്മികമണ്ഡലം മലീമസമായിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് ഇന്നു കാണാൻ സാധിക്കുക. ഏതൊരു സത്യാന്വേഷിയും തന്റെ അന്വേഷണം യോഗ്യനായ ഒരു ഗുരുവിന്റെ മേൽനോട്ടത്തിലാണ് ചെയ്യാൻ തുനിയുക. എന്നാൽ ദൗർഭാഗ്യവശാൽ യഥാർത്ഥ ജ്ഞാനികളായ ഗുരുക്കന്മാരുടെ ദൗർലഭ്യം ശാസ്ത്രത്തിന്റെ തെറ്റായ വ്യാഖ്യാനങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും സാമാന്യജനങ്ങൾക്കുണ്ടാകുന്ന തെറ്റിദ്ധാരണകളും ദുരനുഭവങ്ങളും, അവ കാരണമായി മനുഷ്യന് ഏറെ പ്രയോജനപ്രദമായിത്തീർന്നേക്കാവുന്ന അദ്ധ്യാത്മിക ശാസ്ത്രങ്ങളെക്കുറിച്ചുള്ള അവജ്ഞ എന്നിവ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. ഒരു വ്യക്തിയുടെ മാനവികമായ ഉയർച്ചക്കുവേണ്ടതായ രഹസ്യങ്ങളായ സാധനാപദ്ധതികൾ അയോഗ്യരും അനർഹരുമായവരുടെ കൈയ്യിലകപ്പെട്ടപ്പോൾ ഉണ്ടായതായ ച്യുതി ഇന്നത്തെ സമൂഹത്തിലാകമാനം പടർന്നിരിക്കുന്നു. ഈ അവസരത്തിൽ ഒരു വ്യക്തിയിൽ ആശ്രയിച്ചിട്ടുള്ളതല്ലാത്ത അദ്ധ്യാത്മികപന്ഥാവ് ഇന്ന് അത്യന്താപേക്ഷിതമായിരിക്കുന്നു. അങ്ങനെയാണ് വ്യക്തിനിഷ്ഠമല്ലാത്ത ഒരു അദ്ധ്യാത്മികമാർഗ്ഗത്തെക്കുറിച്ച് ചിന്തിക്കാനും അതു പ്രാവർത്തികമാക്കാൻ ശ്രമിക്കാനും ശ്രീപുരം ട്രസ്റ്റ് നിർബന്ധിതമായിത്തീർന്നത്. ഭാരതീയ ഋഷിവര്യന്മാർ ഒരു വ്യക്തിക്ക് സ്വതന്ത്രമായി ആത്മാന്വേഷണം നടത്താനുള്ള മാർഗ്ഗങ്ങളെപ്പറ്റിയും ശാസ്ത്രങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. അത്തരം മാർഗ്ഗങ്ങളുടെ പഠനങ്ങളും പ്രചാരണവുമാണ് ഈ സ്ഥാപനത്തിന്റെ ഭാവി ഉദ്ദേശം.

സംഘടനകളിലൂടെയോ മറ്റു പരാശ്രയങ്ങൾ ആവശ്യപ്പെടുന്ന വഴികളിലൂടെയോ അല്ലാതെ വ്യക്തിപരമായി അവനവൻ നിൽക്കുന്നിടത്തുനിന്നും ഒരു മനുഷ്യനെ പടിപടിയായി ഉയർത്തി അവന്റെ പരമലക്ഷ്യമായ ആത്മസാക്ഷാത്ക്കാരത്തിലേക്ക് നയിക്കുക എന്ന തന്ത്രശാസ്ത്രരീതിയെ സാക്ഷാത്കരിക്കാനാണ് ശ്രീപുരം ട്രസ്റ്റ് നിലകൊള്ളുന്നത്.

# ശ്രീലളിതാസഹസ്രനാമം വ്യാഖ്യാനങ്ങൾ, പാഠങ്ങൾ

ദാമോദർ നാരായണൻ സി.എൻ.

ദക്ഷിണഭാരതത്തിലുടനീളം പ്രസിദ്ധിയാർജ്ജിച്ച ഒരു സ്തോത്രമാണ് 'രഹസ്യനാമസാഹസ്രം' എന്ന പേരോടുകൂടിയ ശ്രീലളിതാസഹസ്രനാമം. ശക്തിസ്വരൂപിണിയായ ശ്രീമഹാത്രിപുരസുന്ദരിയുടെ ഉപാസനക്കായിക്കൊണ്ട് ചിട്ടപ്പെടുത്തിയ ഈ കൃതി. പേരു സൂചിപ്പിക്കുന്നതുപോലെത്തന്നെ ആദ്ധ്യാത്മികാനുഭൂതിയിൽ ഒരു സാധകന് വെളിവാകുന്ന രഹസ്യങ്ങളായ അർത്ഥതലങ്ങളോടുകൂടിയതാണ് ഇതിലെ ഓരോ നാമങ്ങളും. ഈ കൃതി ഉടനീളം താന്ത്രിക പൌരാണിക സ്മാർത്ത സ്വാധീനത്തോടുകൂടിയതാണ്.

ശാംഭവിയുടെ ഈ പതിപ്പ് പ്രത്യേകമായി ലളിതാസഹസ്രനാമത്തെ സംബന്ധിച്ചതാണ്. ശ്രീപുരം താളിയോലശേഖരത്തിൽനിന്നും എടുത്ത വിസ്മയകരമാംവിധം പാഠഭേദങ്ങളോടുകൂടിയ സഹസ്രനാമസ്തോത്രമാണ് ഇത്തരത്തിലുള്ള ഒരു പതിപ്പ് ഇറക്കാനുള്ള ഞങ്ങളുടെ പ്രേരണ. നിലവിലുള്ള ഈ സ്തോത്രത്തിന്റെ പാഠത്തിൽനിന്നും അനവധി ഭേദങ്ങളോടുകൂടി മലയാള ലിപിയിൽ ലഭ്യമായ ഈ കൃതി പ്രാചീന കേരളത്തിൽ വിരളമായി ചിലയിടങ്ങളിൽ നിലനിന്നിരുന്ന ഒരു സമ്പ്രദായമാണെന്ന ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ഒരു മനുഷ്യന് ആവശ്യമായ സകല സുഖസൌകര്യങ്ങളും ഐശ്വര്യാഭിവൃദ്ധിയും പരമപദവും നല്കുവാൻ ശ്രീമഹാത്രിപുരസുന്ദരിയുടെ ഈ രഹസ്യങ്ങളായ ആയിരം നാമങ്ങളുടെ പാരായണംകൊണ്ട് സാദ്ധ്യമാകുമെന്ന് ഫലശ്രുതിയുണ്ട്. ശക്തിസ്വരൂപിണിയും പ്രപഞ്ചാത്മക പ്രപഞ്ചാതീതയുമായ ദേവിയെ ത്രിപുരസുന്ദരീരൂപത്തിൽ ഉപാസിക്കുന്നവർ മാത്രമാണ് വിശിഷ്ടമായ ശ്രീ ലളിതാസഹസ്രനാമ സ്തോത്രജപത്തിന് അധികാരികളെന്ന് ശാസ്ത്രവചനമുണ്ട്.

മഹത്തായ ഈ കൃതിക്ക് ശ്രേഷ്ഠരായ സാധകോത്തമന്മാർ പലരും വ്യാഖ്യാനങ്ങളെഴുതിയിട്ടുണ്ട്. അവയിൽ കണ്ടുകിട്ടിയിട്ടുള്ളവ താഴെ കൊടുത്തിരിക്കുന്നു.

1. ഭാസ്കരരായ വിരചിതമായ സൌഭാഗ്യഭാസ്കരം
2. കല്ല്യാണാനന്ദ ഭാരതീയവിരചിതമായ കല്ല്യാണശ്രീകല.
3. ഭട്ടനാരായണ വിരചിതമായ ജയമംഗള.
4. വിദ്യാനന്ദ മുനീശ്വരനാൽ രചിക്കപ്പെട്ട ചന്ദ്രിക എന്ന വ്യാഖ്യാനം.

ഭാരതീയ കൃതികളിലെ വിവിധ വ്യാഖ്യാനങ്ങളെപ്പോലെ മുകളിൽ പറഞ്ഞ ഓരോ വ്യാഖ്യാതാവും തന്താങ്ങളുടെ അറിവിന്റെയും അദ്ധ്യാത്മികാനുഭൂതിയുടെയും വെളിച്ചത്തിൽ വ്യത്യസ്തമായാണ് വ്യാഖ്യാനങ്ങൾ ചമച്ചിട്ടുള്ളത്.

നേരത്തേ സൂചിപ്പിച്ചതുപോലെ ബ്രഹ്മാണ്ഡപുരാണം, ദേവീഭാഗവതം, ത്രിപുരാരഹസ്യം തുടങ്ങിയ പുരാണങ്ങളുടെ ശക്തമായ സ്വാധീനം ഈ സഹസ്രനാമത്തിലുടനീളം കാണുവാൻ കഴിയും. ജയമംഗളാകരനായ ഭട്ടനാരായണൻ പലയിടങ്ങളിലും വ്യത്യസ്തമായ പാഠഭേദങ്ങളെയാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. പുരാണസംഭവത്തിന് വിരുദ്ധങ്ങളായ ചില നാമങ്ങൾ ഇന്ന് പ്രചാരത്തിലുള്ള നാമങ്ങളിൽ നമുക്കു കാണാൻ കഴിയും. ജയമംഗളാകാരൻ ആ നാമങ്ങളെ വിശേഷണ പരാമർശിച്ചിട്ടുണ്ട്.

## ജയമംഗളകാരന്റെ പരാമർശങ്ങൾ

ബ്രഹ്മാണ്ഡപുരാണാന്തർഗ്ഗതമായ ലളിതോപാഖ്യാനത്തിൽ വിശുക്രവധം ചെയ്യുന്നത് മാതംഗീദേവിയും വിഷംഗനെ വധിക്കുന്നത് വാരാഹിയുമാണെന്നു കാണാം. ത്രിപുരാരഹസ്യം മാഹാത്മ്യഖണ്ഡത്തിലും ഈ പക്ഷംതന്നെയാണ്. എന്നാൽ 'മന്ത്രിണ്യംബാവിരചിതവിഷംഗവധതോഷിതാ' എന്നും 'വിശുക്രപ്രാണഹരണ വാരാഹീവീര്യനന്ദിതാ' എന്നുമാണ് നിലവിൽ പ്രാചീന താളിയോലകളിലടക്കമുള്ള പാഠം.

ഇതുകൂടാതെ അസുരന്മാരാൽ എറിയപ്പെട്ട ജയഘ്നയന്ത്രം നശിപ്പിക്കുന്നത് ദേവിയുടെയും കാമേശ്വരന്റെയും പരസ്പരാലോകനത്തിൽനിന്നുണ്ടായ ശ്രീഗണേശ്വരനാണ്. ഈ ജയഘ്നയന്ത്രനാശശേഷമാണ് വിശുക്രനും വിഷംഗനും വധിക്കപ്പെട്ടുന്നത്. സഹസ്രനാമത്തിലകട്ടെ ഇവകളുടെ പരാമർശം ക്രമം മാറിയാണ് കാണാനാകുക. ശ്രീ ഭട്ടനാരായണൻ തന്റെ വ്യാഖ്യാനത്തിൽ മേല്പറഞ്ഞവിശദാംശങ്ങൾ നല്കിയിരിക്കുന്നതിനുപുറമേ ഇന്നുകാണുന്ന പാഠത്തിൽനിന്നും വ്യത്യസ്തമായി ചില നാമങ്ങളെയും വ്യാഖ്യാനിച്ചിരിക്കുന്നതായി കാണാൻ കഴിയും.

അതിമഹത്തായ ഈ സ്തോത്രത്തിലെ വിരലിലെണ്ണാവുന്ന വളരെ കുറച്ച് വസ്തുതകളെ ഉദാഹരണങ്ങളാക്കിയത് ഇതിന്റെ രഹസ്യാത്മകതയെ എടുത്തുകാണിക്കുവാനാണ്. സമ്പ്രദായികമായിമാത്രം കൈമാറിവന്നിരുന്ന ഒരു രഹസ്യവിദ്യ ഇന്നു കാണുന്ന രീതിയിലായിത്തീരുന്നത് അനവധി പരിണാമങ്ങളിലൂടെയാണ്. മേൽസൂചിപ്പിച്ച ചില വസ്തുതകൾ മുതലായ അനവധി വിവരങ്ങളുടെ യഥാർത്ഥമായ അറിവിലൂടെയല്ലാതെ ഈ സ്തോത്രജപംകൊണ്ട് അത് കല്പിച്ചിട്ടുള്ള ഫലങ്ങൾ ലഭ്യമാണോ എന്നത് ചിന്തിക്കേണ്ടതാണ്. ഗുരു ശിഷ്യന്റെ നിലയ്ക്കും അവസ്ഥയ്ക്കും ചേർന്നരീതിയിലാണ് മന്ത്രങ്ങളും സ്തോത്രങ്ങളും ഉപദേശിക്കുക. ലളിതാസഹസ്രനാമത്തിന് ഞങ്ങൾക്കു ലഭ്യമായ പാഠങ്ങളിൽനിന്നും അനുമാനിക്കാവുന്നത് ഇനിയും ഇതു പോലെ വ്യത്യസ്തമായ പാരമ്പര്യങ്ങളിൽപ്പെട്ട പാഠഭേദങ്ങൾ നിലവിലിരുന്നിരിക്കാൻ സാദ്ധ്യതയുണ്ടെന്നാണ്. പുതുതായി ലഭിക്കുന്ന എല്ലാ പാഠങ്ങളും ഇനി വരുന്ന പതിപ്പുകളിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. ഓരോ പാഠഭേദവും ഓരോ വ്യത്യസ്ത ഗ്രന്ഥമാണെന്നുള്ള ഒരു പാശ്ചാത്യപണ്ഡിതന്റെ അഭിപ്രായം ശരിവയ്ക്കുകയാണ് ലളിതാസഹസ്രനാമത്തിന്റെ ഈ പതിപ്പ്. ലളിതാസഹസ്രനാമത്തിന് ശുദ്ധമായ ഒരു പാഠമുണ്ടോ എന്നതും ഈ അവസരത്തിൽ ചിന്തനീയമാണ്.

ॐ

ശ്രീ ലളിതാമഹാത്രിപുരസുന്ദര്യൈ നമഃ

# ശ്രീ ലളിതാസഹസ്രനാമസ്തോത്രം

(അപ്രകാശിത താളിയോലയിൽനിന്നെടുത്തത്)

ഹരിഃശ്രീഗണപതയേ നമഃ അവിഘ്നമസ്തുശ്രീഗുരുഭ്യോ നമഃ
ഓം അസ്യ ശ്രീലളിതാസഹസ്രനാമ മഹാമന്ത്രസ്യ
ആനന്ദഭൈരവ ഋഷിഃ
അനുഷ്ടുപ് ഛന്ദഃ
ലളിതാപരമേശ്വരീ ദേവതാ
ഐം ബീജം ക്ലീം ശക്തിഃ സൌഃ കീലകം
ലളിതാപരമേശ്വരീ പ്രസാദസിദ്ധ്യർത്ഥേ ജപേ വിനിയോഗഃ
ഐം അംഗുഷ്ഠാഭ്യാം നമഃ
ക്ലീം തർജ്ജനീഭ്യാം നമഃ
സൌഃ മധ്യമാഭ്യാം നമഃ
ഐം അനാമികാഭ്യാം നമഃ
ക്ലീം കനിഷ്ഠികാഭ്യാം നമഃ
സൌഃ കരതലപൃഷ്ഠാഭ്യാം നമഃ
ഏവം ഹൃദയാദി ന്യാസം

## ധ്യാനം

യാ വിദ്യാ ശിവകേശവാദിജനനീ യാ വൈ ജഗന്മോഹിനീ
യാ ബ്രഹ്മാദിപിപീലികാന്തതനുഷു പ്രോതാ ജഗത്സാക്ഷിണീ
യാ പഞ്ചപ്രണവദ്വിരേഫനളിനീ യാ ചിത്ക്കലാമാലിനീ
സാ പായാത് പരദേവതാ ഭഗവതീ ശ്രീരാജരാജേശ്വരീ

ധ്യായേത് പദ്മാസനസ്ഥാം വികസിതവദനാം പദ്മപത്രായതാക്ഷീം
ഹേമാഭാം **പീതവർണ്ണാം** കരകലിതസദ്ധേമപത്മാം വരാംഗീം
സർവ്വാലങ്കാരഭൂഷാം സതതമഭയദാം ഭക്തിനമ്രാം ഭവാനീം
ശ്രീവിദ്യാം ശാന്തമൂർത്തിം സകലസുരനുതാം സർവ്വസംപത്പ്രദാത്രീം

**ശ്രീമഹാദേവൈ്യ നമഃ**

1. ഓം ശ്രീമാതാ ശ്രീമഹാരാജ്ഞീ ശ്രീമത്സിംഹാസനേശ്വരീ
ചിദഗ്നികുണ്ഡസംഭൂതാ ദേവകാര്യസമുദ്യതാ

2. ഉദ്യദ്ഭാനുസഹസ്രാഭാ ചതുർബാഹുസമന്വിതാ
രാഗസ്വരൂപപാശാഢ്യാ ക്രോധാകാരാങ്കുശോജ്ജ്വലാ

3. മനോരൂപേക്ഷുകോദണ്ഡാ പഞ്ചതന്മാത്രസായകാ
നിജാരുണപ്രഭാപൂരമജ്ജദ്ബ്രഹ്മാണ്ഡമണ്ഡലാ

4. ചമ്പകാശോകപുന്നാഗസൗഗന്ധികലസത്കചാ
കുരുവിന്ദമണിശ്രേണീകനത് കോടീരമണ്ഡിതാ

5. അഷ്ടമീചന്ദ്രവിഭ്രാജദളികസ്ഥലശോഭിതാ
മുഖചന്ദ്രകളങ്കാഭമൃഗനാഭിവിശേഷകാ

6. വദനസ്മരമാംഗല്യഗൃഹതോരണ ചില്ലികാ
വക്ത്രലക്ഷ്മീ പരീവാഹ**ചലന്മീ**നാഭലോചനാ

7. നവചമ്പകപുഷ്പാഭനാസാദണ്ഡവിരാജിതാ
താരാകാരതിരസ്കാരിനാസാഭരണഭാസുരാ

8. കദംബമഞ്ജരീക്ലൃപ്തകർണ്ണപൂരമനോഹരാ
താടങ്കയുഗളീഭൂതതപനോഡുപമണ്ഡലാ

9. പദ്മരാഗശിലാദർശപരിഭാവികപോലഭൂഃ
നവവിദ്രുമബിംബശ്രീന്യക്കാരിരദനച്ഛദാ

10. ശുദ്ധവിദ്യാങ്കുരാകാരദ്വിജപംക്തിദ്വയോജ്ജ്വലാ
കർപ്പൂരവീടികാമോദ**കഷായിത**ദിഗന്തരാ

11. നിജസല്ലാപമാധുര്യവിനിർഭർത്സിതകച്ഛപീ
മന്ദസ്മിതപ്രഭാപൂരമജ്ജത്കാമേശമാനസാ

12. അനാകലിതസാദൃശ്യചിബുകശ്രീവിരാജിതാ
കാമേശബദ്ധമാംഗല്യസൂത്രശോഭിതകന്ധരാ

13. കനകാംഗദകേയൂരകമനീയഭുജാന്വിതാ
രത്നഗ്രൈവേയചിന്താകലോലാമുക്താ**ലതാഞ്ചിതാ**

14. കാമേശ്വരപ്രേമരത്നമണി**പ്രതിപണസ്തനീ**
നാഭ്യാലവാലരോമാളീലതാഫലകുചദ്വയാ

15. ലക്ഷ്യരോമലതാധാരതാസമുന്നേയമദ്ധ്യമാ
സ്തനഭാരദളന്മദ്ധ്യപട്ടബന്ധവലിത്രയാ

16. അരുണാരുണകൗസുംഭവസ്ത്രഭാസ്വത്കടീതടീ

രത്നകിങ്കിണികാരമ്യരശനാദാമഭൂഷിതാ

17. കാമേശജ്ഞാതസൗഭാഗ്യമാർദ്ദവോരുദ്വയാന്വിതാ
മാണിക്യമുകുരാകാരജാനുദ്വയവിരാജിതാ

18. ഇന്ദ്രഗോപ **പരിക്ലുപ്ത**സ്മരതൂണാഭ ജംഘികാ
ഗൂഢഗുല്ഫാ കൂർമ്മപൃഷ്ഠജയിഷ്ണുപ്രപദാന്വിതാ

19. നഖദീധിതിസംഛന്ന നമജ്ജനതമോഗുണാ
പദദ്വയപ്രഭാജാല പരാകൃതസരോരുഹാ

20. ശിഞ്ജാനമണിമഞ്ജീര മണ്ഡിതശ്രീപദാംബുജാ
മരാളിമന്ദഗമനാ മഹാലാവണ്യശേവധിഃ

21. സർവ്വാരുണാനവദ്യാംഗീ **സർവ്വഭൂഷണഭൂഷിതാ**
ശിവകാമേശ്വരാങ്കസ്ഥാ ശിവാ സ്വാധീനവല്ലഭാ

22. സുമേരുമദ്ധ്യശൃംഗസ്ഥാ ശ്രീമന്നഗരനായികാ
ചിന്താമണിഗൃഹാന്തസ്ഥാ പഞ്ചബ്രഹ്മാസനസ്ഥിതാ

23. മഹാപദ്മാടവീസംസ്ഥാ കദംബവനവാസിനീ
സുധാസാഗരമദ്ധ്യസ്ഥാ കാമാക്ഷീ കാമദായിനീ

24. ദേവർഷിഗണസംഘാത സ്തൂയമാനാത്മവൈഭവാ
ഭണ്ഡാസുരവധോദ്യുക്ത ശക്തിസേനാസമാവൃതാ

25. സംപത്കരീസമാരൂഢ സിന്ധുരവ്രജസേവിതാ
അശ്വാരൂഢാധിഷ്ഠിതാശ്വകോടികോടിഭിരാവൃതാ

26. ചക്രരാജരഥാരൂഢ സർവ്വായുധപരിഷ്കൃതാ
ഗേയചക്രരഥാരൂഢ **മന്ത്രിണീ**പരിസേവിതാ

27. കിരിചക്രരഥാരൂഢദണ്ഡനാഥപുരസ്കൃതാ
ജ്വാലാമാലിനികാ**ക്ലുപ്ത** വഹ്നി പ്രാകാരമദ്ധ്യഗാ

28. ഭണ്ഡസൈന്യവധോദ്യുക്ത ശക്തിവിക്രമഹർഷിതാ
നിത്യാപരാക്രമാടോപ നിരീക്ഷണസമുത്സുകാ

29. ഭണ്ഡപുത്രവധോദ്യുക്താ ബാലാവിക്രമനന്ദിതാ
**മന്ത്രിണ്യംബാവിരചിത വിഷംഗവധതോഷിതാ**

**30. വിശുക്രപ്രാണഹരണ വാരാഹീവീര്യനന്ദിതാ**
കാമേശ്വരമുഖാലോക കല്പിത ശ്രീഗണേശ്വരാ

31. മഹാഗണേശനിർഭിന്ന വിഘ്നയന്ത്രപ്രഹർഷിതാ
ഭണ്ഡാസുരേന്ദ്രനിർമ്മുക്ത**ശസ്ത്രാസ്ത്ര**പ്രത്യസ്ത്ര വർഷിണീ

32. കരാംഗുലീനഖോത്പന്നനാരായണദശാകൃതിഃ

നാരായണാസ്ത്രനിർദഗ്ദ്ധഭണ്ഡാസുരസുസൈനികാ

33. മഹാപാശുപതാസ്ത്രാഗ്നിനിർദഗ്ദ്ധാസുരസൈന്യപാ
കാമേശ്വരാസ്ത്രനിർദഗ്ദ്ധസഭണ്ഡാസുരശൂന്യകാ

34. ബ്രഹ്മോപേന്ദ്രമഹേന്ദ്രാദിദേവസംസ്തുതവൈഭവാ
ഹരനേത്രാഗ്നി**നിർദഗ്ദ്ധ**കാമസംജീവനൗഷധീഃ

35. ശ്രീമദ്വാഗ്ഭവകൂടൈകസ്വരൂപമുഖപങ്കജാ
കണ്ഠാധഃ കടിപര്യന്തം മദ്ധ്യകൂടസ്വരൂപിണീ

36. ശക്തികൂടൈകതാപന്ന കട്യധോഭാഗധാരിണീ
മൂലമന്ത്രാത്മികാ മൂലകൂടത്രയകളേബരാ

37. കുളാമൃതൈകരസികാ കുളസങ്കേതപാലിനീ
കുളാംഗനാ കുളാന്തസ്ഥാ കൗളിനീ കുളയോഗിനീ

38. അകുളാ സമയാന്തസ്ഥാ സമയാചാരതത്പരാ
മൂലാധാരൈകനിലയാ ബ്രഹ്മഗ്രന്ഥിവിഭേദിനീ

39. മണിപൂരാന്തരുദിതാവിഷ്ണുഗ്രന്ഥിവിഭേദിനീ
ആജ്ഞാചക്രാന്തരാളസ്ഥാരുദ്രഗ്രന്ഥിവിഭേദിനീ

**40. സ്വാധിഷ്ഠാനാംബുജഗതാ ഗണേശഗ്രന്ഥിഭേദിനീ**
**അനാഹതാബ്ജനിലയാ ജീവഗ്രന്ഥിവിഭേദിനീ**

**41. വിശുദ്ധചക്രനിലയാ ഗുരുഗ്രന്ഥിവിഭേദിനീ**
തത്പദാകാശനിലയാ പരമഗ്രന്ഥിഭേദിനീ

42. സഹസ്രാരാംബുജാരൂഢാസുധാധാരാഭിവർഷിണീ
തടില്ലതാസമരുചിഃ ഷട്ചക്രോപരി സംസ്ഥിതാ

**43. മഹാശക്തിഃ**കുണ്ഡലിനീ ബിസതന്തുനിഭാകൃതിഃ
ഭവാനീ ഭാവനാഗമ്യാ ഭവാരണ്യകുഠാരികാ

44. ഭദ്രപ്രദാഭദ്രമൂർത്തിഃ ഭക്തസൗഭാഗ്യദായിനീ
ഭക്തിപ്രിയാ ഭക്തിഗമ്യാ **ഭക്തവശ്യാ** ഭയാപഹാ

45. ശാംഭവീശാരദാരാധ്യാ ശർവ്വാണീ ശർമ്മദായിനീ
**ശംകരീ**ശ്രീകരീസാധ്വീ ശരച്ചന്ദ്രനിഭാനനാ

46. ശാതോദരീ ശാന്തിമതീ നിരാധാരാ നിരഞ്ജനാ
നിർല്ലേപാ നിർമ്മലാ നിത്യാ നിരാകാരാ നിരാകുലാ

47. നിർഗുണാ നിഷ്കളാ ശാന്താ നിഷ്കാമാ നിരുപപ്ലവാ
നിത്യമുക്താ നിർവ്വികാരാ നിഷ്പ്രപഞ്ചാ നിരാശ്രയാ

48. നിത്യശുദ്ധാ നിത്യബുദ്ധാ നിരവദ്യാ നിരന്തരാ

നിഷ്കാരണാ നിഷ്കളങ്കാ നിരുപാധിർന്നിരീശ്വരീ

49. നീരാഗാ **രാഗമഥിനീ**നിർമ്മദാ മദനാശിനീ
നിശ്ചിന്താ നിരഹങ്കാരാ നിർമ്മോഹാ മോഹനാശിനീ

50. നിർമ്മമാ മമതാഹന്ത്രീ നിഷ്പാപാ പാപനാശിനീ
നിഷ്ക്രോധാ **ക്രോധദമനീ**നിർല്ലോഭാ ലോഭനാശിനീ

51. നിസ്സംശയാ സംശയഘ്നീ നിർഭവാ ഭവനാശിനീ
നിർവ്വികല്പാ നിരാബാധാ നിർഭേദാ ഭേദനാശിനീ

52. നിർന്നാശാ **മൃത്യുമഥനാ**നിഷ്ക്രിയാ നിഷ്പരിഗ്രഹാ
നിസ്തുലാ **നീലചികുലാ**നിരപായാ നിരത്യയാ

53. ദുർല്ലഭാ ദുർഗ്ഗമാ ദുർഗ്ഗാ ദുഃഖഹന്ത്രീ സുഖപ്രദാ
ദുഷ്ടദൂരാ ദുരാചാരശമനീ ദോഷവർജ്ജിതാ

54. സർവ്വജ്ഞാ സാന്ദ്രകരുണാ സമാനാധികവർജ്ജിതാ
സർവ്വശക്തിമയീ സർവ്വമംഗളാ സദ്ഗതിപ്രദാ

55. സർവ്വേശ്വരീ സർവ്വമയീ സർവ്വമന്ത്രസ്വരൂപിണീ
സർവ്വയന്ത്രാത്മികാ സർവ്വതന്ത്രരൂപാ മനോന്മനീ

56. **മഹേശ്വരീ** മഹാദേവീ മഹാലക്ഷ്മീർമൃഡപ്രിയാ
മഹാമായാ മഹാസത്വാ മഹാശക്തിർമ്മഹാരതിഃ

57. മഹാഭോഗാ മഹൈശ്വര്യാ മഹാവീര്യാ മഹാബലാ
മഹാരൂപ മഹാപൂജ്യാ മഹാപാതകനാശിനീ

58. മഹാബുദ്ധി**ർമ്മഹാശക്തിഃ** മഹായോഗേശ്വരേശ്വരീ
**മഹാമന്ത്രാ മഹായന്ത്രാ മഹാതന്ത്രാ മഹാസനാ**

59. **മഹായാഗസമാരാധ്യാ** മഹാഭൈരവ പൂജിതാ
മഹേശ്വരമഹാകല്പമഹാതാണ്ഡവസാക്ഷിണീ

60. മഹാകാമേശമഹിഷീ മഹാത്രിപുരസുന്ദരീ
ചതുഃഷഷ്ട്യുപചാരാഢ്യാ ചതുഃഷഷ്ടികലാമയീ

61. മഹാചതുഃഷഷ്ടികോടിയോഗിനീ ഗണസേവിതാ
മനുവിദ്യാ ചന്ദ്രവിദ്യാ ചന്ദ്രമണ്ഡലമദ്ധ്യഗാ

62. ചാരുരൂപാ ചാരുഹാസ ചാരുചന്ദ്രകലാധരാ
ചരാചരജഗന്നാഥ ചക്രരാജനികേതനാ

63. പാർവ്വതീ പദ്മനയനാ പദ്മരാഗസമപ്രഭാ
**പഞ്ചപ്രേതാസനാരൂഢാപരബ്രഹ്മ**സ്വരൂപിണീ

64. ചിന്മയീ പരമാനന്ദാ വിജ്ഞാനഘനരൂപിണീ

ധ്യാനധ്യാതൃധ്യേയരൂപാ ധർമ്മാധർമ്മവിവർജ്ജിതാ

65. വിശ്വരൂപാ ജാഗരിണീ സ്വപന്തീ തൈജസാത്മികാ
സുപ്താ പ്രാജ്ഞാത്മികാ തുര്യാ സർവ്വാവസ്ഥാ വിവർജ്ജിതാ

66. സൃഷ്ടികർത്രീ ബ്രഹ്മരൂപാ ഗോപ്ത്രീ ഗോവിന്ദരൂപിണീ
സംഹാരിണീ രുദ്രരൂപാ തിരോധാനകരീശ്വരീ

67. സദാശിവാനുഗ്രഹദാ പഞ്ചകൃത്യപരായണാ
ഭാനുമണ്ഡലമദ്ധ്യസ്ഥാ ഭൈരവീ ഭഗമാലിനീ

68. പദ്മാസനാ ഭഗവതീ പദ്മനാഭസഹോദരീ
ഉന്മേഷനിമിഷോത്പന്ന വിപന്നഭുവനാവലിഃ

69. സഹസ്രശീർഷവദനാ സഹസ്രാക്ഷി സഹസ്രപാത്
ആബ്രഹ്മകീടജനനീ വർണ്ണാശ്രമവിധായിനീ

70. നിജാജ്ഞാരൂപനിഗമാ പുണ്യാപുണ്യഫലപ്രദാ
ശ്രുതിസീമന്തസിന്ദൂരീകൃതപാദാബ്ജധൂളികാ

71. സകലാഗമസന്തോഹശുക്തിസമ്പുടമൌക്തികാ
പുരുഷാർത്ഥപ്രദാ പൂർണ്ണാ ഭോഗിനീ ഭുവനേശ്വരീ

72. അംബികാനാദിനിധനാ ഹരിബ്രഹ്മേന്ദ്രസേവിതാ
നാരായണീ നാദരൂപാ നാമരൂപവിവർജ്ജിതാ

73. ഹ്രീങ്കാരീ ഹ്രീമതീ ഹൃദ്യാ ഹേയോപാദേയവർജ്ജിതാ
രാജരാജാർച്ചിതാ രാജ്ഞീ രമ്യാ രാജീവലോചനാ

**74.** **രഞ്ജിനീ**രമണീ **രംസ്യാ** രണത്കിങ്കിണിമേഖലാ
രമാ രാകേന്ദുവദനാ രതിരൂപാ രതിപ്രിയാ

75. രക്ഷാകരീ രാക്ഷസഘ്നീ രാമാ രമണലമ്പടാ
കാമ്യാ കാമകലാരൂപാ കദംബകുസുമപ്രിയാ

76. കല്യാണീ ജഗതീകന്ദാ കരുണാരസസാഗരാ
കലാവതീ കലാലാപാ കാന്താ കാദംബരീപ്രിയാ

77. വരദാ വാമനയനാ വാരുണീമദവിഹ്വലാ
വിശ്വാധികാ വേദവേദ്യാ വിന്ധ്യാചലനിവാസിനീ

78. വിധാത്രീ വേദജനനീ വിഷ്ണുമായാ വിലാസിനീ
**ക്ഷേത്രജ്ഞരൂപാ** ക്ഷേത്രേശീ ക്ഷേത്രക്ഷേത്രജ്ഞപാലിനീ

79. ക്ഷയവൃദ്ധിവിനിർമ്മുക്താ ക്ഷേത്രപാലസമർച്ചിതാ
വിജയാ വിമലാവിദ്യാവന്ദാരുജനവത്സലാ

80. വാഗ്വാദിനീ വാമകേശീ വഹ്നിമണ്ഡലവാസിനീ

ഭക്തിമത്കല്പലതികാ പശുപാശവിമോചിനീ

81. സംഹൃതാശേഷപാഷണ്ഡാ സദാചാര**പ്രവർത്തകാ**
താപത്രയാഗ്നി സന്തപ്തസമാഹ്ലാദനചന്ദ്രികാ

82. തരുണീ താപസാരാദ്ധ്യാ തനുമദ്ധ്യാ തമോപഹാ
ചിതിസ്തത്പദലക്ഷ്യാർത്ഥാ ചിദേകരസരൂപിണീ

83. സ്വാത്മാനന്ദലവീഭൂതബ്രഹ്മാദ്യാനന്ദസന്തതിഃ
പരാപ്രത്യക്ചിതീരൂപാ പശ്യന്തീ പരദേവതാ

84. മദ്ധ്യമാ വൈഖരീരൂപാ ഭക്ത മാനസഹംസികാ
കാമേശ്വരപ്രാണനാഡീ കൃതജ്ഞാ കാമപൂജിതാ

85. ശൃംഗാരരസസമ്പൂർണ്ണാ ജയാ ജാലന്ധരസ്ഥിതാ
ഓഡ്യാണപീഠനിലയാ ബിന്ദുമണ്ഡലവാസിനീ

86. രഹോയാഗക്രമാരാധ്യാ രഹസ്തർപ്പണതർപ്പിതാ
സദ്യഃപ്രസാദിനീ വിശ്വസാക്ഷിണീ സാക്ഷിവർജ്ജിതാ

87. ഷഡംഗദേവതായുക്താ ഷാഡ്ഗുണ്യപരിപൂരിതാ
നിത്യക്ലിന്നാ നിരുപമാ നിർവ്വാണസുഖദായിനീ

88. നിത്യാഷോഡശികാരൂപാ ശ്രീകണ്ഠാർദ്ധശരീരിണീ
പ്രഭാവതീ പ്രഭാരൂപപ്രസിദ്ധാ പരമേശ്വരീ

89. മൂലപ്രകൃതിരവ്യക്താവ്യക്താവ്യക്തസ്വരൂപിണീ
വ്യാപിനീ വിവിധാകാരാ വിദ്യാവിദ്യാസ്വരൂപിണീ

90. മഹാകാമേശനയനകുമുദാഹ്ലാദകൗമുദീ
ഭക്തഹാർദ്ദതമോഭേദാഭാനുമദ്ഭാനുസന്തതിഃ

91. ശിവദൂതീ ശിവാരാദ്ധ്യാ ശിവമൂർത്തിഃ ശിവങ്കരീ
ശിവപ്രിയാ ശിവപരാ ശിഷ്ടേഷ്ടാ ശിഷ്ടപൂജിതാ

92. അപ്രമേയാ സ്വപ്രകാശാ മനോവാചാമഗോചരാ
ചിച്ഛക്തിശ്ചേതനാരൂപാ ജഡശക്തിർ ജഡാത്മികാ

93. ഗായത്രീ വ്യാഹൃതിഃ സന്ധ്യാ ദ്വിജവൃന്ദനിഷേവിതാ
തത്വാസനാ തത്ത്വമയീ പഞ്ചകോശാന്തരസ്ഥിതാ

94. നിസ്സീമമഹിമാ നിത്യയൗവ്വനാ മദശാലിനീ
മദഘൂർണ്ണിത രക്താക്ഷീ മദപാടലഗണ്ഡഭൂഃ

95. ചന്ദനദ്രവദിഗ്ദ്ധാംഗീ ചാമ്പേയകുസുമപ്രിയാ
കുശലാ കോമളാകാരാ **കുരുകുല്ല്യാ**കുളേശ്വരീ

96. കുളകുണ്ഡാലയാ കൗളമാർഗ്ഗതത്പരസേവിതാ

**കൌമാരീ**ഗണനാഥാംബാ തുഷ്ടിഃപുഷ്ടിർമതിർധൃതിഃ

97. ശാന്തിഃ സ്വസ്തിഃ മതിഃകാന്തിഃ നന്ദിനീ വിഘ്നനാശിനീ
തേജോവതീത്രിനയനാ ലോലാക്ഷീ കാമദായിനീ

98. മാലിനീ ഹംസിനീ മാതാ മലയാചലവാസിനീ
സുമുഖീ നളിനീ സുഭ്രൂഃ ശോഭനാ സുരനായികാ

99. കാളകണ്ഠീ കാന്തിമതീ ക്ഷോഭിണീ സൂക്ഷ്മരൂപിണീ
വജ്രേശ്വരീ വാമദേവീ വയോവസ്ഥാവിവർജ്ജിതാ

100. സിദ്ധേശ്വരീ **സിദ്ധവന്ദ്യാ** സിദ്ധമാതാ യശസ്വിനീ
**വിശുദ്ധ**ചക്രനിലയാരക്തവർണ്ണാ ത്രിലോചനാ

101. ഖട്വാംഗാദിപ്രഹരണാ വദനൈകസമന്വിതാ
പായസാന്നപ്രിയാ ത്വക്സ്ഥാ പശുലോകഭയങ്കരീ

102. അമൃതാദിമഹാശക്തിസംവൃതാ ഡാകിനീശ്വരീ
അനാഹതാബ്ജനിലയാ ശ്യാമാഭാ വദനദ്വയാ

103. ദംഷ്ട്രോജ്ജ്വലാക്ഷമാലാദിധരാ രുധിരസംസ്ഥിതാ
കാളാരാത്ര്യാദിശക്ത്യൗഘവൃതാ സ്നിഗ്ധൗദനപ്രിയാ

104. മഹാവീരേന്ദ്രവരദാ രാകിണ്യംബാസ്വരൂപിണീ
മണിപൂരാബ്ജനിലയാ വദനത്രയസംയുതാ

105. വജ്രാദികായുധോപേതാ ഡാമര്യാദിഭിരാവൃതാ
**കൃഷ്ണവർണ്ണാ** മാംസനിഷ്ഠാ ഗുഡാന്നപ്രീതമാനസാ

106. സമസ്തഭക്തസുഖദാ ലാകിന്യംബാസ്വരൂപിണീ
സ്വാധിഷ്ഠാനാംബുജഗതാ ചതുർവ്വക്ത്രമനോഹരാ

107. ശൂലാദ്യായുധസംപന്നാ പീതവർണ്ണാതിഗർവ്വിതാ
മേദോനിഷ്ഠാ മധുപ്രീതാ **ബന്ധി**ന്യാദിസമന്വിതാ

108. ദധ്യന്നാസക്തഹൃദയാ കാകിനീ രൂപധാരിണീ
മൂലാധാരാംബുജാരൂഢാ പഞ്ചവക്ത്രാസ്ഥിസംസ്ഥിതാ

109. അങ്കുശാദിപ്രഹരണാ **സനകാദി**നിഷേവിതാ
**മുദ്ഗോദനാ**സക്തചിത്താസാകിനീരൂപധാരിണീ

110. ആജ്ഞാചക്രാബ്ജനിലയാ ശുക്ലവർണ്ണാ ഷഡാനനാ
മജ്ജാസംസ്ഥാഹംസവതീമുഖ്യശക്തിസമന്വിതാ

111. ഹരിദ്രാന്നൈകരസികാ ഹാകിനീരൂപധാരിണീ
സഹസ്രദളപദ്മസ്ഥാ സർവ്വവർണ്ണോപശോഭിതാ

**112.** **സർവ്വായുധകരാ**ശുക്ലസംസ്ഥിതാ സർവ്വതോമുഖീ

സർവ്വൗദനപ്രീതചിത്താ **യാകിനീരൂപധാരിണീ**

113. സ്വാഹാ സ്വധാമതിർമ്മേധാ ശ്രുതിഃ സ്മൃതിരനുത്തമാ
പുണ്യകീർത്തിഃ പുണ്യലഭ്യാ പുണ്യശ്രവണകീർത്തനാ

114. പുലോമജാർച്ചിതാ ബന്ധമോചിനീ ബർബ്ബരാളകാ
വിമർശരൂപിണീ വിദ്യാ വിയദാദിജഗത്പ്രസൂഃ

115. സർവ്വവ്യാധിപ്രശമനീ സർവ്വമൃത്യുനിവാരിണീ
**നിത്യതൃപ്താ ഭക്തിനിധിഃ നിയന്ത്രീ നിഖിലേശ്വരീ**

116. അഗ്രഗണ്യാചിന്ത്യരൂപാ കലികല്മഷനാശിനീ
കാത്യായനീ കാലഹന്ത്രീ കമലാക്ഷനിഷേവിതാ

117. താംബൂലാപൂരിതമുഖീ **ഡാഡിമീ**കുസുമപ്രഭാ
മൃഗാക്ഷീ മോഹിനീ മുഖ്യാ മൃഡാനീ മിത്രരൂപിണീ

118. മൈത്ര്യാദിവാസനാലഭ്യാ മഹാപ്രളയസാക്ഷിണീ
മാദ്ധ്വീപാനാലസാ മത്താ മാതൃകാവർണ്ണരൂപിണീ

119. പരാശക്തിഃ പരാനിഷ്ഠാ പ്രജ്ഞാനഘനരൂപിണീ
മഹാകൈലാസനിലയാ മൃണാളമൃദോർല്ലതാ

120. മഹനീയാ ദയാമൂർത്തിഃ **മഹാസാമ്രാജ്യദായിനീ**
ആത്മവിദ്യാ മഹാവിദ്യാ ശ്രീവിദ്യാ കാമസേവിതാ

121. ശ്രീഷോഡശാക്ഷരീവിദ്യാ ത്രികൂടാ കാമകോടികാ
കടാക്ഷകിങ്കരീഭൂതകമലാകോടിസേവിതാ

122. ശിരഃസ്ഥിതാ ചന്ദ്രനിഭാ **ഫല**സ്ഥേന്ദ്രധനുഃപ്രഭാ
ഹൃദയസ്ഥാ രവിപ്രഖ്യാ ത്രികോണാന്തരദീപികാ

123. ദാക്ഷായണീ ദൈത്യഹന്ത്രീ ദക്ഷയജ്ഞവിനാശിനീ
ദരാന്ദോളിതദീർഘാക്ഷീ ദരഹാസോജ്ജ്വലന്മുഖീ

124. ഗുരുമൂർത്തിർഗുണനിധിഃ ഗോമാതാ ഗുഹജന്മഭൂഃ
ദേവേശീ ദണ്ഡനീതിസ്ഥാ ദഹരാകാശ രൂപിണീ

**125. പ്രതിപന്മുഖരാകാന്ത**തിഥിമണ്ഡല പൂജിതാ
കലാത്മികാ കലാനാഥാ കാവ്യാലാപവിനോദിനീ

126. സചാമരരമാവാണീസവ്യദക്ഷിണസേവിതാ
ആദിശക്തിരമേയാത്മാ പരമാ പാവനാകൃതിഃ

127. അനേകകോടിബ്രഹ്മാണ്ഡജനനീ ദിവ്യവിഗ്രഹാ
ക്ലീംകാരി കേവലാ ഗുഹ്യാ കൈവല്യപദദായിനീ

128. ത്രിപുരാ ത്രിജഗദ്വന്ദ്യാ ത്രിമൂർത്തിസ്ത്രിദശേശ്വരീ

ത്ര്യക്ഷരീ ദിവ്യഗന്ധാഢ്യാ **സിന്ദൂരതിലകാന്വിതാ**

129. ഉമാ ശൈലേന്ദ്രതനയാ ഗൗരീഗന്ധർവ്വസേവിതാ
വിശ്വഗർഭാ സ്വർണ്ണഗർഭാവരദാ **വാഗധീശ്വരാ**

130. ധ്യാനഗമ്യാപരിച്ഛേദ്യാ ജ്ഞാനദാ ജ്ഞാനവിഗ്രഹാ
സർവ്വവേദാന്ത സംവേദ്യാ സത്യാനന്ദസ്വരൂപിണീ

131. ലോപാമുദ്രാർച്ചിതാലീലാക്ലപ്തബ്രഹ്മാണ്ഡമണ്ഡലാ
അദൃശ്യാ ദൃശ്യരഹിതാ വിജ്ഞാത്രീ വേദ്യവർജ്ജിതാ

132. യോഗിനീ യോഗദാ യോഗ്യാ യോഗാനന്ദാ യുഗന്ധരാ
ഇച്ഛാശക്തിജ്ഞാനശക്തിഃ ക്രിയാശക്തിസ്വരൂപിണീ

133. സർവ്വാധാരാ സുപ്രതിഷ്ഠാ സദസദ്രൂപധാരിണീ
**അഷ്ടമൂർത്തിരജാജൈത്രാ**ലോകയാത്രാവിധായിനീ

134. ഏകാകിനീ **ഭൂമരൂപാനിർഭേദാ**ദ്വൈതവർജ്ജിതാ
അന്നദാ വസുദാ വൃദ്ധാ ബ്രഹ്മാത്മൈക്യസ്വരൂപിണീ

135. ബൃഹതീ **ബ്രഹ്മണീ**ബ്രാഹ്മീ ബ്രഹ്മാനന്ദാ ബലിപ്രിയാ
ഭാഷാരൂപാ ബൃഹത്സേനാ ഭാവാഭാവവിവർജ്ജിതാ

**136.** **ശുഭാരാദ്ധ്യാ**ശുഭകരീ ശോഭനാ സുലഭാ **കൃതിഃ**
രാജരാജേശ്വരീ രാജ്യദായിനീ **രാജവല്ലഭാ**

137. രാജ്യലക്ഷ്മീഃ കോശനാഥാ ചതുരംഗബലേശ്വരീ
സാമ്രാജ്യദായിനീ സത്യസന്ധാ സാഗരമേഖലാ

138. ദീക്ഷിതാ ദൈത്യശമനീ സർവ്വലോകവശങ്കരീ
സർവ്വാർത്ഥദാത്രീ സാവിത്രീ സച്ചിദാനന്ദരൂപിണീ

139. ദേശകാലാപരിച്ഛിന്നാ സർവ്വഗാ സർവ്വമോഹിനീ
സരസ്വതീ ശാസ്ത്രമയീ ഗുഹാംബാ **ഗുഹ്യദേവതാ**

140. സർവ്വോപാധിവിനിർമ്മുക്താ സദാശിവപതിവ്രതാ
സമ്പ്രദായേശ്വരീ സാധ്വീ ഗുരുമണ്ഡലരൂപിണീ

141. കുളോത്തീർണ്ണാ ഭഗാരാദ്ധ്യാ മായാ മധുമതീ മഹീ
ഗണാംബാ ഗുഹ്യകാരാധ്യാ കോമളാംഗീ ഗുരുപ്രിയാ

142. സ്വതന്ത്രാ സർവ്വതന്ത്രേശീ ദക്ഷിണാമൂർത്തിരൂപിണീ
സനകാദിസമാരാധ്യാ ശിവജ്ഞാനപ്രദായിനീ

143. ചിത്കലാനന്ദകലികാ പ്രേമരൂപാപ്രിയങ്കരീ
നാമപാരായണപ്രീതാ നന്ദിവിദ്യാ നടേശ്വരീ

144. മിഥ്യാജഗദധിഷ്ഠാനാ മുക്തിദാ മുക്തിരൂപിണീ

ലാസ്യപ്രിയാ ലയകരീ ലജ്ജാ രംഭാദിവന്ദിതാ

145. ഭവദാവസുധാവൃഷ്ടിഃ പാപാരണ്യദവാനലാ
ദൗർഭാഗ്യതൂലവാതൂലാ ജരാധ്വാന്ത രവിപ്രഭാ

146. ഭാഗ്യാബ്ധിചന്ദ്രികാഭക്തചിത്തകേകീഘനാഘനാ
രോഗപർവ്വതദംഭോളീമൃത്യുദാരുകുഠാരികാ

147. മഹേശ്വരീ മഹാകാളീ മഹാഗ്രാസാ മഹാശനാ
അപർണ്ണാ ചണ്ഡികാ ചണ്ഡമുണ്ഡാസുരനിഷൂദിനീ

148. ക്ഷരാക്ഷരാത്മികാ സർവ്വലോകേശീ വിശ്വധാരിണീ
ത്രിവർഗ്ഗദാത്രീ സുഭഗാ ത്ര്യംബകാ ത്രിഗുണാത്മികാ

149. സ്വർഗ്ഗാപവർഗ്ഗദാ ശുദ്ധാ ജപാപുഷ്പനിഭാകൃതിഃ
ഓജോവതീ ദ്യുതിധരാ യജ്ഞരൂപാ പ്രിയവ്രതാ

150. ദുരാരാധ്യാ ദുരാധർഷാ പാടലീകുസുമപ്രിയാ
മഹതീ മേരുനിലയാ മന്ദാരകുസുമപ്രിയാ

151. വീരാരാദ്ധ്യാ വിരാഡ്രൂപാ വിരജാ വിശ്വതോമുഖീ
പ്രത്യഗ്രൂപാ പരാകാശാ പ്രാണദാ പ്രാണരൂപിണീ

152. മാർത്താണ്ഡഭൈരവാരാധ്യാ മന്ത്രിണീന്യസ്തരാജ്യധൂഃ
ത്രിപുരേശീ ജയത്സേനാ നിസ്ത്രൈഗുണ്യാ **പരാൽപരാ**

153. സത്യജ്ഞാനാനന്ദരൂപാ സാമരസ്യപരായണാ
കപർദ്ദിനീ കലാമാലാ കാമധുക് കാമരൂപിണീ

154. കലാനിധിഃ കാവ്യകലാ രസജ്ഞാ രസശേവധിഃ
പുഷ്ടാ പുരാതനാ **പൂജ്യാപുഷ്കലാ**പുഷ്കരേക്ഷണാ

155. പരംജ്യോതിഃ പരം ധാമ പരമാണുഃ **പരാപരാ**
പാശഹസ്താ പാശഹന്ത്രീ പരമന്ത്രവിഭേദിനീ

156. മൂർത്താമൂർത്താനിത്യതൃപ്താ മുനിമാനസഹംസികാ
സത്യപ്രിയാസത്യരൂപാ സർവ്വാന്തര്യാമിണീ സതീ

157. ബ്രഹ്മാണീ ബ്രഹ്മജനനീ ബഹുരൂപാബുധാർച്ചിതാ
പ്രസവിത്രീ പ്രചണ്ഡാജ്ഞാ പ്രതിഷ്ഠാ പ്രകടാകൃതിഃ

158. പ്രാണേശ്വരീ **പ്രാണധാത്രീ**പഞ്ചാശത്പീഠരൂപിണീ
വിശൃംഖലാ വിവിക്തസ്ഥാ വീരമാതാ വിയത്പ്രസൂഃ

159. മുകുന്ദാമുക്തിനിലയാ മൂലവിഗ്രഹരൂപിണീ
**ജന്മമൃത്യുജരാതപ്തജനവിശ്രാന്തിദായിനീ**

160. സർവ്വോപനിഷദുദ്ഘുഷ്ടാ ശാന്ത്യതീതകലാത്മികാ

ഗംഭീരാ ഗഗനാന്തസ്ഥാ ഗർവ്വിതാ ഗാനലോലുപാ

161. കല്പനാരഹിതാ കാഷ്ഠാകാന്താ കാന്താർദ്ധവിഗ്രഹാ
കാര്യകാരണനിർമ്മുക്താ കാമകേളിതരംഗിതാ

162. കനത്കനകതാടങ്കാ ലീലാവിഗ്രഹധാരിണീ
അജാ ക്ഷയവിനിർമ്മുക്താ മുഗ്ദ്ധാ ക്ഷിപ്രപ്രസാദിനീ

163. അന്തർമ്മുഖസമാരാദ്ധ്യാ ബഹിർമ്മുഖസുദുർല്ലഭാ
ത്രയീ ത്രിവർഗ്ഗനിലയാ ത്രിസ്ഥാ ത്രിപുരമാലിനീ

164. നിരാമയാ നിരാലംബാ സ്വാത്മാരാമാ സുധാസൃതിഃ
സംസാരപങ്കനിർമ്മഗ്നസമുദ്ധരണപണ്ഡിതാ

165. യജ്ഞപ്രിയാ യജ്ഞകർത്രീ യജമാനസ്വരൂപിണീ
ധർമ്മാധാരാ ധനാദ്ധ്യക്ഷാ ധനധാന്യവിവർദ്ധിനീ

166. വിപ്രപ്രിയാ വിപ്രരൂപാ വിശ്വഭ്രമണകാരിണീ
വിശ്വഗ്രാസാ വിദ്രുമാഭാ വൈഷ്ണവീ വിഷ്ണുരൂപിണീ

**167. വിജ്ഞാനകലികാ കല്യാ വിദഗ്ദ്ധാ ബൈന്ദവാസനാ**
**തത്വാധികാ തത്വമയീ തത്വമർത്ഥ സ്വരൂപിണീ**

168. അയോനിര്യോനിനിലയാ കൂടസ്ഥ കുളരൂപിണീ
വീരഗോഷ്ഠീപ്രിയാ വീരാ നൈഷ്കർമ്മ്യാ നാദരൂപിണീ

169. സാമഗാനപ്രിയാ സൗമ്യാ സദാശിവകുടുംബിനീ
സവ്യാപസവ്യമാർഗ്ഗസ്ഥാ സർവ്വാപദ്വിനിവാരിണീ

170. സ്വസ്ഥാ സ്വഭാവമധുരാ ധീരാ ധീരസമർച്ചിതാ
ചൈതന്യാർഘ്യസമാരാദ്ധ്യാ ചൈതന്യകുസുമപ്രിയാ

171. സദോദിതാ സദാതുഷ്ടാ തരുണാദിത്യപാടലാ
ദക്ഷിണാദക്ഷിണാരാദ്ധ്യാ ദരസ്മേരമുഖാംബുജാ

**172. കേളിനീകേവലാനർഘ്യാ**കൈവല്യപദദായിനീ
സ്തോത്രപ്രിയാ**സ്തുതിമയീ**ശ്രുതി സംസ്തുതവൈഭവാ

173. മനസ്വിനീ മാനവതീ മഹേശീ മംഗളാകൃതിഃ
വിശ്വമാതാ ജഗദ്ധാത്രീ വിശാലാക്ഷീ വിരാഗിണീ

174. പ്രഗൽഭാ പരമോദാരാ പരാമോദാ മനോന്മനീ
വ്യോമകേശീ വിമാനസ്ഥാ വജ്രിണീ വാമകേശ്വരീ

175. പഞ്ചയജ്ഞപ്രിയാ പഞ്ചപ്രേതമഞ്ചാധിശായിനീ
പഞ്ചമീ പഞ്ചഭൂതേശീ പഞ്ചസംഖ്യോപചാരിണീ

176. ശാശ്വതീ ശാശ്വതൈശ്വര്യാ ശർമ്മദാ ശംഭുമോഹിനീ

ധരാ ധരസുതാ ധന്യാ ധർമ്മിണീ ധർമ്മവന്ദിതാ

177. ലോകാതീതാ ഗുണാതീതാ സർവ്വാതീതാ ശമാത്മികാ
ബന്ധൂകകുസുമപ്രഖ്യാ ബാലാ ലീലാവിനോദിനീ

178. സുമംഗലീ സുഖകരീ സുവേഷാഢ്യാ സുവാസിനീ
സുവാസിന്യർച്ചനപ്രീതാശോഭനാ ശുദ്ധമാനസാ

179. ബിന്ദുതർപ്പണസന്തുഷ്ടാ പൂർവ്വജാ ത്രിപുരാംബികാ
ദശമുദ്രാ**ക്രമാരാദ്ധ്യാ**ത്രിപുരാ **ശ്രീശിവങ്കരീ**

180. ജ്ഞാനമുദ്രാ ജ്ഞാനഗമ്യാ ജ്ഞാനജ്ഞേയസ്വരൂപിണീ
യോനിമുദ്രത്രിഖണ്ഡേശീ **ത്രിപുരാംബാ**ത്രികോണഗാ

181. അനഘാദ്ഭുതചാരിത്രാ വാഞ്ഛിതാർത്ഥപ്രദായിനീ
അഭ്യാസാതിശയജ്ഞാതാ ഷഡദ്ധ്വാതീതരൂപിണീ

182. അവ്യാജകരുണാമൂർത്തിഃ അജ്ഞാനധ്വാന്തദീപികാ
ആബാലഗോപ**വനിതാ**സർവ്വാനല്ലംഘ്യശാസനാ

183. ശ്രീചക്രരാജനിലയാ ശ്രീമത് ത്രിപുരസുന്ദരീ
ശ്രീശിവാ ശിവശക്ത്യൈക്യരൂപിണീ ലളിതാംബികാ

184. ഓം ഇത്യേതത്തേ മയാ വ്യാഖ്യാതം ദിവ്യാന്നാമ്നാം സഹസ്രകം.
രഹസ്യാനാം രഹസ്യം യത് ഗോപനീയം പ്രയത്നതഃ

## ഫലശ്രുതി

ധ്യായേത് പരശിവാങ്കസ്ഥാം പാശാങ്കുശധനുശ്ശരൈഃ
ഭാസമാന ചതുർബാഹുമരുണാമരുണാംശുകാം

ഇത്യേവം നാമസാഹസ്രം കഥിതന്തേ ഘടോത്ഭവ
രഹസ്യാതിരഹസ്യഞ്ച ലളിതാ പ്രീതിദായകം

ജപേന്നിത്യം പ്രയത്നേന ലളിതോപാസ്തി തത്പരഃ
പ്രാതസ്നാത്വാ വിധാനേന സന്ധ്യാകർമ്മ സമാപ്യ ച

പൂജാഗൃഹം തതോ ഗത്വാ ചക്രരാജം സമർച്ചയേത്
വിദ്യാം ജപേത്സഹസ്രം വാ ത്രിശതം ശതമേവ വാ

രഹസ്യനാമസാഹസ്രമിദം പശ്ചാത് പഠേന്നരഃ
ജന്മമദ്ധ്യേ സകൃദ്വാപി യ ഏവം പഠതേ സുധീഃ

തസ്യ പുണ്യഫലം വക്ഷ്യേ ശൃണുത്വം കുംഭസംഭവ
ഗംഗാദി സർവ്വതീർത്ഥേഷു യ സ്നായാത് കോടിജന്മസു

കോടിലിംഗപ്രതിഷ്ഠാഞ്ച യഃ കുര്യാദപി മുക്തയേ

കുരുക്ഷേത്രേ ച യോ ദദ്യാത് കോടിവാരം രവിഗ്രഹേ

കോടീസുവർണ്ണഭാരാണാം ശ്രോത്രിയേഷു ദ്വിജാതിഷു
യഃ കോടിഹയമേധാനാമാചരേത് ഗംഗരോധസി

ആചരേത് പൂർത്തകോടിം യോ നിർജ്ജലേ മരുഭൂതലേ
ദുർഭിക്ഷേ യഃ പ്രതിദിനം കോടിബ്രാഹ്മണഭോജനം

ശ്രദ്ധയാ പരയാ കുര്യാത് സഹസ്രം പ്രതിവത്സരം
തത്പുണ്യകോടിഗുണിതം ഭവേത് പുണ്യമനന്തമം

രഹസ്യനാമസാഹസ്രേ നാമ്നോപ്യേകസ്യ കീർത്തനാത്
രഹസ്യനാമസാഹസ്രേ നാമൈകമപി യഃ പഠേത്

തസ്യ പപാനിനശ്യന്തി മഹാന്ത്യപി ന സംശയഃ
നിത്യകർമ്മാനനുഷ്ഠാനാന്നിഷിദ്ധകരണാദപി

യത് പാപം ജായതേ പുംസാം തത് സർവ്വം നശ്യതി ധ്രുവം
ബഹ്നാത്ര കിമുക്തേനശൃണുത്വം കലശീസുത

അത്രൈകനാമ്നോ യാ ശക്തിഃ പാതാകാനാന്നിവർത്തനേ
തന്നിവർത്ത്യമഘം കർത്തുന്നാലം ലോകാശ്ചതുർദ്ദശ

യസ്ത്യക്ത്വാ നാമസാഹസ്രം പപഹാനിമഭിപ്സതി
സംശീത നിവൃത്ത്യർത്ഥം ഹിമശൈലനിഷേവതേ

ഭക്തോ യഃ കീർത്തയേന്നിത്യമിദന്നാമസാഹസ്രകം
തസ്മൈ ശ്രീലളിതാദേവീ പ്രീതാഭീഷ്ടം പ്രയച്ഛതി

നിത്യം സങ്കീർത്തനാശക്തഃ കീർത്തയേത് പുണ്യവാസരേ
സംക്രാന്തൗ വിഷവെ ചൈവ സ്വജന്മത്രിതയേയനേ

നവമ്യാം വാ ചതുർദ്ദശ്യാം സിതായാം ശുക്രവാസരേ
കീർത്തയേന്നാമസാഹസ്രം പൂർണ്ണമാസ്യാം വിശേഷതഃ

പൂർണ്ണമാസ്യാം ചന്ദ്രബിംബേ ധ്യാത്വാ ശ്രീലളിതാംബികാം
പഞ്ചോപചാരൈഃ സംപൂജ്യ പഠേന്നാമസഹസ്രകം

തത്ക്ഷണാത് പ്രശമംയാതി ശിരസ്തോ ദോർജ്ജ്വരോപി വാ
സർവ്വോപ്യാധിനിവൃത്ത്യർത്ഥം സപൃഷ്ട്വാ ഭസ്മ പഠേദ്യദി

തത് ഭസ്മധാരണാദേവ നശ്യന്തി വ്യാധഃ ക്ഷണാത്
ജലസമ്മന്ത്രകുംഭസ്ഥന്നാമസാഹസ്രതോ മുനേ

അഭിഷിഞ്ചേത് ഗ്രഹഗ്രസ്തം ഗ്രഹാനശ്യന്തി തത്ക്ഷണാത്
വന്ധ്യാനാം പുത്രലാഭായ നാമസാഹസ്രമന്ത്രിതം

നവനീതം പ്രദദ്യാതുപുത്രലാഭോ ഭവേത് ധ്രുവം

സുധാസാഗരമദ്ധ്യസ്ഥാം ധ്യാത്വാ ശ്രീലളിതാംബികാം

യഃ പഠേന്നാമസാഹസ്രം വിഷന്തസ്യ വിനശ്യതി
ദേവ്യാഃ പാശേന സംബദ്ധ്വാമാകൃഷ്ടാമാകുശേന വാ

ധ്യാത്വാഭീഷ്ടാം സ്ത്രീയം രാത്രൗ ജപേന്നാമസഹസ്രകം
ആയാതിസ്വസമീപം സ യദ്യപ്യന്തഃ പുരം ഗതാ

രാജാകർഷണകാമശ്ചേത് രാജാവസഥദിന്തമുഖഃ
ത്രിവാരം യഃ പഠേദേതത് ശ്രീദേവീധ്യാനതത്പരഃ

സ രാജാ പാരവശ്യേന തുരംഗം വാ മതംഗജം
ആരുഹ്യായാതി നികടന്ദാസവത് പ്രണിപത്യ ച

തസ്മൈ രാജ്യഞ്ച കോശഞ്ച ദദാത്യേവ ന സംശയഃ
രസഹ്യന്നാമസാഹസ്രം സകൃത് പഠതി ഭക്തിതഃ

തന്മുഖാലോകമാത്രേണ മുഹ്യേല്ലോകത്രയം മുനേ
യസ്ത്വിദം നാമസാഹസ്രം സകൃത് പഠതിഭക്തിതഃ

തസ്യ യേ ശത്രവസ്തേഷാന്നിഹന്താ ശരഭേശ്വരഃ
യോ വാഭിചാരം കുരുതേ നാമസാഹസ്രപാഠകേ

നിവർത്യ തത്ക്രിയാം ഹന്യാത് തം വൈ പ്രത്യംഗിരാസ്സ്വയം
ബഹുനാത്ര കിമുക്തേന ശൃണു ത്വം കുംഭസംഭവ

നാനേന സദൃശം സ്തോത്രം ത്രിഷു ലോകേഷു വിദ്യതേ
തസ്മാദ്ദുപായകോന്നിത്യം കീർത്തയേദിദമാദരാത്

യേഭിർന്നാമസഹസ്രൈസ്തുശ്രീചക്രം യോർച്ചയേത് സകൃത്
പത്മൈർവാ തുളസീപുഷ്പൈഃ കല്ഹാരൈർ വാ കദംബകൈഃ

ചംപകൈജ്ജാതികുസുമൈർമ്മല്ലികാകരവീരകൈഃ
ഉത്പലൈർബ്ബില്വപത്രൈർവാ കന്തകേസരപാടലൈഃ

അന്യേസ്സുഗന്ധികുസുമൈഃ കേതങ്കീമാധവീമുഖൈഃ
തസ്യപുണ്യഫലം വക്തുന്നശക്തോപി മഹേശ്വരഃ

സാ വേത്തി ലളിതാദേവീ ശ്രീചക്രാർച്ചനജം ഫലം
അന്യേ കഥം വിജാനീയുർബ്രഹ്മാദ്യാ അല്പമേധസഃ

പ്രതിമാസം പൗർണ്ണമാസ്യാമേഭിർന്നാമസഹസ്രകൈഃ
രാത്രൗ യഃ ചക്രരാജസ്ഥാമർച്ചയേത് പരദേവതാം

സ ഏവ ലളിതാരൂപസ്തദ്രൂപാ ലളിതാംബികാ
ന തയോർവിദ്യതേ ഭേദോഭേദകൃത് പാപകൃത് ഭവേത്

മഹാനവമ്യാം യോ ഭക്താ ദേവീ ശ്രീചക്രമദ്ധ്യഗാം

അർച്ചയേന്നാമ സാഹസ്രൈസ്തസ്യ മുക്തിഃ കരേർസ്ഥിതാ

യസ്തു നാമസാഹസ്രേണ ശുക്രവാരേ സമർച്ചയേത്
ചക്രരാജേ മഹാദ്ദേവീന്തസ്യപുണ്യഫലം ശൃണു

സർവ്വാൻ കാമാനവാപ്യ ഹ സർവ്വസൗഭാഗ്യസംയുതഃ
പുത്രപൗത്രാദിഭിർയുക്തോ ഭുക്ത്വാ ഭോഗ്യാന്യഥേപ്സിതാൻ

അന്തേശ്രീലളിതാദേവ്യാഃ സായൂജ്യമതിദുർല്ലഭം
പ്രാപണീയം ശിവാദ്യൈശ്ചപ്രാപ്നോത്യേവ ന സംശയഃ

യഃ സഹസ്രം ബ്രാഹ്മണാനാം ഏഭിർന്നാമസഹസ്രകൈഃ
സമർച്ച്യ ഭോജയേത് ഭക്ത്യാ പായസാപൂപഷഡ്രസൈഃ

തസ്മൈ പ്രീണാതി ലളിതാ സസാമ്രാജ്യം പ്രയച്ഛതി
ന തസ്യ ദുർല്ലഭം വസ്തു ത്രിഷു ലോകേഷു വിദ്യതേ

നിഷ്കാമഃ കീർത്തയേദ്യസ്തു നാമസാഹസ്രമുത്തമം
സ ബ്രഹ്മജ്ഞാനമാപ്നോതി യേന മുച്യേത ബന്ധനാത്

ധനാർത്ഥീ ധനമാപ്നോതി യശോർത്ഥീ ചാശ്നു തേ യശഃ
വിദ്യാർത്ഥീ പ്രാപ്നുയാദ്വിദ്യാം നാമസാഹസ്രകീർത്തനാത്

അനേന സദൃശം സ്തോത്രം ഭോഗമോക്ഷപ്രദം മുനേ
കീർത്തനീയമിദം തസ്മാദ് ഭോഗമോക്ഷാർത്ഥിഭിർന്നരൈഃ

ചതുരാശ്രമനിഷ്ഠൈശ്ച കീർത്തനീയമിദം സദാ
സ്വധർമ്മസമനുഷ്ഠാനവൈകല്യവിനിവൃത്തയേ

കലൗ പാപൈകബഹുളേ ധർമ്മാനുഷ്ഠാനവർജ്ജിതേ
നാമാനുകീർത്തനം മുക്ത്വാ നൃണാം നാന്യത് പരായണം

ലൗകികാദ്വചനന്മുഖ്യം വിഷ്ണുനാമാനുകീർത്തനം
വിഷ്ണുനാമസഹസ്രാർച്ചനാമൈകം ശൈവമുത്തമം

ശിവനാമം സഹസ്രാച്ച ദേവ്യാനാമൈകമുത്തമം
ദേവ്യാനാമസഹസ്രാണി കോടീശഃ സന്തി കുംഭജ

തേഷുമുഖ്യം ദശവിധം നാമസാഹസ്രമുച്യതേ
രഹസ്യനാമസാഹസ്രംമുഖ്യം ദശസു തേഷ്വപി

തസ്മാത് സംകീർത്തയേന്നിത്യം കലിദോഷനിവൃത്തയേ
മുഖ്യം ശ്രീമാതൃനാമേതി ന ജാനന്തി വിമോഹിതാഃ

വിഷ്ണുനാമപരാഃ കേചിത് ശിവനാമപരാഃ പരേ
നകശ്ചിദപി ലോകേഷു ലളിതാനാമതത്പരഃ

യേനാന്യദേവതാനാമ കീർത്തിതം ജന്മകോടിഷു

തസ്യൈവ ഭവതി ശ്രദ്ധാ ശ്രീദേവീ നാമകീർത്തനേ

ചരമേ ജന്മനി യഥാ ശ്രീവിദ്യോപാസകോ ഭവേത്
നാമസാഹസ്രപാഠശ്ച തഥാ ചരമജന്മനി

യഥൈവ വിരളാ ലോകേ ശ്രീവിദ്യാരാജവേദിനഃ
തഥൈവ വിരളാ ഗുഹ്യനാമസാഹസ്രപാഠകാഃ

മന്ത്രരാജ ജപശ്ചൈവ ചക്രരാജാർച്ചനം തഥാ
രഹസ്യനാമപാഠശ്ച നാല്പസ്യ തപസഃ ഫലം

അപഠൻ നാമസാഹസ്രമുക്ത്വാ യസ്സിദ്ധി കാമുകഃ
സ ഭോജനം വിനാന്യനംക്ഷുർന്നിവൃത്തിമഭീപ്സതി

യോ ഭക്തോ ലഭതേദേവ്യാഃ സ നിത്യം കീർത്തയേദിദം
അകീർത്തയന്നിദം സ്തോത്രം കഥം ഭക്തോ ഭവിഷ്യതി

യേക്രൂരദൃഷ്യാ വീക്ഷന്തേ നാമസാഹസ്രപാഠകം
താനന്ധാൻ കുരുതേ ക്ഷിപ്രം സ്വയംമാർത്താണ്ഡഭൈരവഃ

ധനം യോ ഹരതേ ചോരോ നാമസാഹസ്രജാപിനഃ
യത്രകുത്രസ്ഥിതംവാപി ക്ഷേത്രപാലോ നിഹന്തിതം

വിദ്യാസുകുരുതേ വാദം നാമസാഹസ്യജാപിനഃ
തസ്യവാക് സ്തംഭനംസദ്യഃ കരോതി ന കുലീശ്വരീ

രാജാ യഃ കുരുതേ വൈരം നാമസാഹസ്രജാപിനാ
ചതുരംഗബലം തസ്യ ദണ്ഡിനീസംഹരേധ്രുവം

യഃ പഠേന്നാമസാഹസ്രം ഷാൺമാസം ഭക്തിസംയുതഃ
ലക്ഷ്മീശ്ചാഞ്ചല്യരഹിതാ സദാതിഷ്ഠതി തത്ഗൃഹേ

മാസമേകം പ്രതിദിനം ത്രിവാരം യാപഠേദിദം
ഭാരതീ തസ്യ ജിഹ്വാഗ്രേ രംഗേനിർത്യതി സർവ്വദാ

യസ്ത്വേകവാരം പഠതി പക്ഷമാത്രമദന്ദ്രിതഃ
മുഹ്യന്തി കാമവശകാമൃഗാക്ഷ്യസ്തസ്യ വീക്ഷണാത്

യഃ പഠേന്നാമസാഹസ്രം ജന്മമദ്ധ്യേസകൃന്നരഃ
സദൃഷ്ടി ഗോചരാസ്സർവ്വേമുച്യന്തേ സർവ്വകിൽബിഷൈഃ

യോ വേത്തിനാമസാഹസ്രംതസ്മൈ ദേവം ദ്വിജന്മനേ
അന്നം വസ്ത്രം ധനം ധാന്യന്ദാന്യേഭ്യസ്തു കദാചന

ശ്രീമന്ത്രരാജം യോ വേത്തീ ശ്രീചക്രം യഃ സമർച്ചതി
യഃ കീർത്തയതി നാമാനി തം സൽപാത്രം വിദുർബുധാഃ

തസ്മൈദേയം വിശേഷേണ ശ്രീദേവീപ്രീതിമിച്ഛതാ

ന കീർത്തയതി യോ നാമ മന്ത്രരാജന്നവേത്തിയഃ

പശുതുല്യസ്സവിജ്ഞേയസ്തസ്മൈ ദത്തനിരർത്ഥകം
പരീക്ഷ്യ വിദ്യാവിദുഷസ്തേഭ്യോ ദദ്യാദ്വിചക്ഷണഃ

ശ്രീമന്ത്രരാജസദൃശോ യഥാ മന്ത്രോ ന വിദ്യതേ
ദേവതാ ലളിതാതുല്യാസ്തഥാ നാസ്തി ഘടോത്ഭവ

രഹസ്യനാമസാഹസ്രതുല്യന്നാസ്തി യഥാ ശ്രുതിഃ
ലിഖിത്വാ പുസ്തകേ യസ്തു നാമസാഹസ്രമുത്തമം

സമർച്ചയേത് സദാ ഭക്ത്യാ തസ്യ തുഷ്യതി സുന്ദരീ
ബഹുനാത്ര കിമുക്തേന ലോപാമുദ്രാ പതേശൃണു

ഭക്തശ്ച ലളിതാദേവ്യാ അവശ്യം കീയേദിദം
നാന്യഥാ പ്രിയതേ ദേവീ കല്പകോടി ശതൈരപി

തസ്മാദ്രഹസ്യനാമാനി ശ്രീമാതുഃ പ്രീതയേ പാഠേത്
ഇതി തേ കഥിതം സ്തോത്രം രഹസ്യം കുംഭസംഭവ

നാവിദ്യാവേദിനേ ബ്രൂയാത് നാഭക്തായ കദാചന
യഥൈവ ഗോപ്യാ ശ്രീവിദ്യാ തഥാ ഗോപ്യമിദം മുനേ

പശുതുല്യേഷു ന ബ്രൂയാത് ജനേഷു സ്തോത്രമുത്തമം
യോവാ ദദാതി മൂഢാത്മാ ശ്രീവിദ്യാരഹിതായ തു

തസ്മൈകുപ്യന്തിയോഗിന്യഃ സോനർത്ഥഃ സുമഹാൻസ്മൃതഃ
രഹസ്യനാമസാഹസ്രം തസ്മാത് സംഗോപയേദിദം

സ്വതന്ത്രേണ മയാ നോക്ത തവാപി കലശോത്ഭവ
ലളിതാപ്രേരിതേനൈവ മയോക്തം സ്തോത്രമുത്തമം

കീർത്തയത്വമിദം ഭക്ത്യാ കുംഭയോനേനിരന്തരം
തേനതുഷ്ടാ മഹാദേവീ തവാഭീഷ്ടം പ്രയച്ഛതി

ഇത്യുക്ത്വാഥ ഹഗ്രീവോ ധ്യാത്വാ ശ്രീലളിതാംബികാം
ആനന്ദമഗ്നഹൃദയഃ സദ്യഃ പുളകിതോഭവത്

ഇതി ബ്രഹ്മാണ്ഡോത്തരേശ്രീ ലളിതോപാഖ്യാനേ സ്തോത്രഖണ്ഡേ
ഹയഗ്രീവാഗസ്ത്യ സംവാദേ ശ്രീലളിതാദേവീ സ്തോത്രം സംപൂർണ്ണം

പ്രസീദ പരദേവതേ മമഹൃദീപ്രഭൃതം ഭയന്നിവാരയദരിഭൃതാം
ദളയദേഹിസർവ്വജ്ഞതാം വിധേഹി കരുണാനിധേ ചരണപത്മയുഗ്മം

സ്വകം വിതാരിതജരാമൃതി ത്രിപുരസുന്ദരി ശിവേ
ശ്രീമഹാദേവ്യേ നമഃ

◆

# അപ്രകാശിത ലളിതാസഹസ്രനാമവും പാഠാന്തരങ്ങളും

മുരളീകൃഷ്ണൻ എം.വി.

ശ്രീപുരം താളിയോലഗ്രന്ഥപ്പുരയിൽനിന്ന് യാദൃച്ഛികമായി ലളിതോപാഖ്യാനാന്തർഗതമായ ലളിതാസഹസ്രനാമത്തിന്റെ താളിയോല ഞങ്ങൾക്കു ലഭിക്കുകയുണ്ടായി. ശ്രീ ലളിതാദേവീസ്തോത്രം എന്നാണ് ഈ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്നത്. ബ്രഹ്മോത്തരഖണ്ഡത്തിൽ ലളിതോപാഖ്യാനത്തിൽ ഹയഗ്രീവാഗസ്ത്യസംവാദത്തിൽ ഉൾപ്പെടുന്നതാണ് ഈ ലളിതാദേവീസ്തോത്രം. ഈ ലളിതാദേവീസ്തോത്രം മുൻനിർത്തിയാണ് ഇത്തവണത്തെ ശാംഭവി പ്രസിദ്ധീകരിക്കുന്നത്. ഛന്ദസ്സിലും ധ്യാനത്തിലും സഹസ്രനാമത്തിലും ഫലശ്രുതിയിലും മാറ്റങ്ങൾ ഉൾക്കൊണ്ട ഈ ലളിതാദേവീസ്തോത്രം ഇതുവരെ ആരും കണ്ടെടുക്കാത്തതും പ്രസിദ്ധീകരിക്കാത്തതും ആണ്. പ്രസിദ്ധമായ മൂന്ന അദ്ധ്യായങ്ങളോടുകൂടിയ ലളിതാസഹസ്രനാമം എന്ന രഹസ്യനാമ സാഹസ്രകത്തിൽനിന്ന് വ്യത്യാസമായി രണ്ടു ഭാഗങ്ങളായിട്ടാണ് ഈ ലളിതാദേവീസ്തോത്രം രചിക്കപ്പെട്ടിട്ടുള്ളത്. തുടക്കം ഛന്ദസ്സ പറഞ്ഞു ബീജം, കീലകം, വിനിയോഗം, അംഗം പറഞ്ഞു രണ്ടു ധ്യാനങ്ങളെ ഉദ്ധരിച്ച് നേരിട്ട് സഹസ്രനാമത്തിലേയ്ക്ക് ഈ ഗ്രന്ഥം പ്രവേശിക്കുന്നു. തുടർന്ന് സഹസ്രനാമവും അനന്തരം ഫലശ്രുതിയേയും സ്പഷ്ടമാക്കുന്നു. ലളിതാദേവീസ്തോത്രത്തിന്റെ ഛന്ദസ്സും രണ്ടു ധ്യാനങ്ങളിൽ ഒന്നും മറ്റൊരു ലളിതാസഹസ്രനാമ പാഠാന്തരത്തിലും കാണാത്തതാകുന്നു. സഹസ്രനാമത്തിലും കുറച്ചധികം പാഠാന്തരങ്ങൾ കാണാവുന്നതാണ്. ഫലശ്രുതിയാകട്ടെ പ്രസിദ്ധമായ ലളിതാസഹസ്രനാമത്തിലെ ഫലശ്രുതിയുമായി സാമ്യമുള്ളതാണെങ്കിലും കൂട്ടിച്ചേർക്കലുകൾ ഇവിടെ കാണാവുന്നതാണ്.

പ്രസിദ്ധമായ ലളിതാസഹസ്രനാമത്തിന്റെ ഛന്ദസ്സായ 'വശിന്യാദി വാഗ്ദേവതാ ഋഷയഃ, അനുഷ്ടുപ്ഛന്ദഃ ശ്രീലളിതാപരമേശ്വരീ ദേവതാ' എന്നതിനുപകരമായി ഈ ഗ്രന്ഥത്തിൽ 'ആനന്ദഭൈരവ ഋഷിഃ, അനുഷ്ടുപ് ഛന്ദഃ ലളിതാപരമേശ്വരീ ദേവതാ' എന്നാണ് കൊടുത്തിരിക്കുന്നത്. അതുപോലെത്തന്നെ സാധാരണയായി കേരളത്തിൽ പ്രയോഗിച്ചുവരുന്ന ലളിതാസഹസ്രനാമത്തിന്റെ ധ്യാനങ്ങളായ 'സിന്ദൂരാരുണ വിഗ്രഹാം ത്രിനയനാം...', 'ധ്യായേദ് പദ്മാസനസ്ഥാം...', 'സകുങ്കമവിലേപനാമലിക...', 'അരുണാ കരുണാ തരംഗിതാക്ഷി...' തുടങ്ങിയ 4 ധ്യാനങ്ങൾക്ക് പകരമായി ഈ ഗ്രന്ഥത്തിൽ 'യാവിദ്യാ ശിവകേശവാദി ജനനീ...' എന്ന ധ്യാനവും പിന്നെ പ്രസിദ്ധമായ 'ധ്യായേദ് പദ്മാസനസ്ഥാം...' എന്ന ധ്യാനവവും ആണ് കൊടുത്തിരിക്കുന്നത്. ഇത്തരത്തിൽ ധാരാ

ളമായ പാഠാന്തരങ്ങളോടുകൂടിയ ശ്രീലളിതാദേവീസ്തോത്രത്തിന്റെ പഠനമാണ് ഇവിടെ പ്രതിപാദിക്കാൻ പോകുന്നത്.

പ്രസിദ്ധമായ ലളിതാസഹസ്രനാമത്തിൽ കൊടുത്തിരിക്കുന്ന 'ചലന്മീനാഭ ലോചനാ' എന്ന പദത്തിന് പകരമായി 'വല്ഗന്മീനാഭലോചനാ' എന്ന പാഠാന്തരമാണ് ഇവിടെ കാണപ്പെടുന്നത്. അർത്ഥത്തിൽ കാര്യമായ മാറ്റം ഒന്നുമില്ലെങ്കിൽത്തന്നെയും പദം വ്യത്യാസപ്പെടുത്തി ഈ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്നു. ഇത്തരത്തിൽ ഒട്ടനവധി പാഠഭേദങ്ങളാണ് ഈ ഗ്രന്ഥത്തിൽനിന്നു നമുക്ക് ലഭിക്കുന്നത്. അതിൽത്തന്നെ പ്രധാനമായിട്ടുള്ളവ ഇവിടെ പരാമർശിക്കാം.

പ്രചാരത്തിലുള്ള ലളിതാസഹസ്രനാമത്തിലെ 'മാണിക്യമകുടാകാര' എന്ന പദത്തിൽനിന്നും ഭിന്നമായി 'മാണിക്യമുകുരാകാര' എന്നാണ് ഈ താളിയോലഗ്രന്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നത്. ഇവിടെ മാണിക്യത്തിന്റെ കണ്ണാടിപോലെയുള്ള രൂപത്തോടുകൂടിയവൾ എന്ന് അർത്ഥം വരുമാറാണ് പ്രയോഗിച്ചിരിക്കുന്നത്. അതുപോലെത്തന്നെ 'ഗേയചക്രരഥാരൂഢ മന്ത്രിണീ പരിസേവിതാ' എന്നതിൽ 'മന്ത്രിണീ' എന്ന പദത്തിനുപകരമായി ഈ ഗ്രന്ഥത്തിൽ 'മുദ്രിണീ' എന്നു കൊടുത്തിരിക്കുന്നു. ഇതേപോലെത്തന്നെ 'മന്ത്രിണ്യംബാവിരചിത വിഷംഗവധതോഷിതാ' എന്ന വരിക്കുപകരമായി 'മുദ്രിണ്യംബാവിരചിത വിഹംഗവധതോഷിതാ' എന്നാണ് കൊടുത്തിരിക്കുന്നത്. അതുപോലെ 'ശസ്ത്ര പ്രത്യസ്ത്രവർഷിണീ' എന്നതിൽ 'ശസ്ത്ര' എന്നതിനുപകരമായ 'സ്വാസ്ത്ര' എന്ന പദം പ്രയോഗിച്ചിരിക്കുന്നു. പ്രചാരത്തിലുള്ള ലളിതാസഹസ്രനാമത്തിലെ 'ആജ്ഞാചക്രാന്തരാളസ്ഥാ രുദ്രഗ്രന്ഥിവിഭേദിനീ' എന്ന വരി കഴിഞ്ഞ് 4 വരികൾ ഈ ഗ്രന്ഥത്തിൽ അധികമായി ചേർത്തിരിക്കുന്നു. അവ ചുവടെ കൊടുക്കുന്നു.

"സ്വാധിഷ്ഠാനാംബുജഗതാ ഗണേശഗ്രന്ഥിഭേദിനീ
അനാഹതാബ്ജനിലയാ ജീവഗ്രന്ഥിവിഭേദിനീ
വിശുദ്ധചക്രനിലയാ ഗുരുഗ്രന്ഥിവിഭേദിനീ
തദ്പദാകാശനിലയാ പരമഗ്രന്ഥിവിഭേദിനീ"

എന്നീ നാലു വരികളാണ് അധികമായി ഈ ഗ്രന്ഥത്തിൽ കൊടുത്തിട്ടുള്ളത്. കൂടാതെ 'പഞ്ചപ്രേതാസനാസീന പഞ്ചബ്രഹ്മസ്വരൂപിണീ' എന്ന വരിക്കു പകരമായി കാര്യമായ അർത്ഥവ്യത്യാസം ഇല്ലാതെ 'പഞ്ചപ്രേതാസനാരൂഢ പരബ്രഹ്മസ്വരൂപിണീ' എന്ന് കൊടുത്തിരിക്കുന്നു. അതുപോലെ 'ക്ഷേത്രസ്വരൂപാ' എന്ന പദത്തിനു പകരമായി ക്ഷേത്രജ്ഞരൂപാ എന്ന് കൊടുത്തിരിക്കുന്നു. 'വിജയാ വിമലാ വന്ദ്യാ' എന്നതിൽ 'വന്ദ്യാ' എന്ന പദത്തിനു പകരമായി 'വിദ്യാ' എന്നു ചേർത്തിരിക്കുന്നു. അർത്ഥത്തിൽതന്നെ മാറ്റം ഇവിടെ കാണാവുന്നതാണ്. 'വന്ദിക്കപ്പെടുന്നവൾ' എന്നു അർത്ഥം വരുന്നതിനു പകരമായി 'വിദ്യാസ്വരൂപിണീ' എന്ന് അർത്ഥം വരുമാറ് കൊടുത്തിരിക്കുന്നു. ഇതേപോലെത്തന്നെ 'സിദ്ധേശ്വരീ സിദ്ധവിദ്യാ' എന്നതിനു പകരമായി 'സിദ്ധേശ്വരീ

സിദ്ധവന്ദ്യാ' എന്ന് ഈ താളിയോലാഗ്രന്ഥത്തിൽ കാണപ്പെടുന്നു.

'രക്തവർണ്ണാ മാംസനിഷ്ഠാ' എന്നുള്ള ഭാഗത്ത് 'രക്തവർണ്ണാ' എന്ന പദത്തിനു പകരമായി 'കൃഷ്ണവർണ്ണാ' എന്നു കൊടുത്തിരിക്കുന്നു. ചുവന്ന നിറത്തിലുള്ളവൾ എന്ന അർത്ഥം വരേണ്ടയിടത്ത് കറുത്ത നിറത്തിലുള്ളവൾ എന്ന് അർത്ഥം വരുന്നു. 'അങ്കുശാദി പ്രഹരണാ വരദാദി നിഷേവിതാ' എന്നുള്ളിടത്ത് 'സനകാദി നിഷേവിതാ' എന്നു കാണുന്നു. 'വരദാദികൾ ചുറ്റുമുള്ളവൾ' എന്നതിനു പകരം 'സനകാദികൾ ചുറ്റുമുള്ളവൾ' എന്ന് അർത്ഥം വരുന്നു. ഇതു കൂടാതെ

"ഭാവജ്ഞാ ഭവരോഗഘ്നീ ഭവചക്ര പ്രവർത്തിനീ
ഛന്ദസ്സാരാ ശാസ്ത്രസാരാ മന്ത്രസാരാ തലോദരീ
ഉദാരകീർത്തിരുദ്ദാമവൈഭവാ വർണ്ണരൂപിണീ"

എന്നീ മൂന്നു വരികൾ ഈ സഹസ്രനാമ പാഠാന്തരത്തിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. അതുപോലെ 'ധർമ്മിണീ ധർമ്മവർദ്ധിനീ' എന്നുള്ളിടത്ത് 'ധർമ്മവർദ്ധിനി'യ്ക്കു പകരം 'ധർമ്മവന്ദിതാ' എന്നു കൊടുത്തിരിക്കുന്നു. 'ത്രിഗുണാംബാ ത്രികോണഗാ' എന്നതിൽ 'ത്രിഗുണാംബാ' എന്നതിനു പകരമായി 'ത്രിപുരാംബാ' എന്നു പാഠാന്തരം കാണുന്നു. 'മൂന്നു ഗുണങ്ങളോടുകൂടിയവൾ' എന്ന് അർത്ഥം വരേണ്ടയിടത്ത് 'മൂന്നു പുരങ്ങളുടേയും അധിപതി' എന്ന അർത്ഥം വരുന്ന പദം പ്രയോഗിച്ചിരിക്കുന്നു. ഇത്തരത്തിൽ ധാരാളം പാഠഭേദങ്ങളോടുകൂടിയ ഈ ശ്രീലളിതാദേവീസ്തോത്രത്തിന്റെ ഫലശ്രുതിയും ഈ അപൂർവ്വ താളിയോലഗ്രന്ഥത്തിൽനിന്ന് ലഭിക്കുകയുണ്ടായി. പ്രസിദ്ധമായ രഹസ്യനാമസാഹസ്രകം എന്നറിയപ്പെടുന്ന ലളിതാസഹസ്രനാമത്തിന്റെ ഫലശ്രുതിയോടു വളരെയധികം സാമ്യതകളോടുകൂടിയതാണ് ഈ അപൂർവ്വ ലളിതാദേവീസ്തോത്രത്തിന്റെ ഫലശ്രുതിയെങ്കിലും കൂട്ടിച്ചേർക്കലുകളും പാഠാന്തരങ്ങളും കാണാവുന്നതാണ്.

ഇങ്ങനെ വളരെയധികം പാഠഭേദങ്ങളോടുകൂടിയ ലളിതാസഹസ്രനാമം ലഭിക്കുകവഴി മനസ്സിലാകുന്നതെന്തെന്നാൽ കേരളത്തിൽത്തന്നെ വിവിധ പാഠഭേദങ്ങളോടുകൂടിയ ലളിതാസഹസ്രനാമങ്ങൾ ഉണ്ടായിരുന്നു എന്നും ഇനിയും ധാരാളം പാഠാന്തര ലളിതാസഹസ്രനാമങ്ങൾ ലഭ്യമാകാൻ സാധ്യതയുണ്ടെന്നുമാണ്. പല നമ്പൂതിരി ഇല്ലങ്ങളിലും സാധാരണ കേരളത്തിൽ പ്രയോഗിച്ചുവരുന്ന പ്രചാരത്തിലുള്ള സഹസ്രനാമത്തിൽ നിന്നു ഭിന്നമായ പാഠാന്തരങ്ങളോടുകൂടിയ ലളിതാസഹസ്രനാമം പ്രയോഗത്തിൽ ഉണ്ടായിരുന്നുവെന്നും ഇപ്പോഴും അവ പ്രയോഗത്തിൽ ഉണ്ടെന്നും ആണ്. ലളിതാസഹസ്രനാമം എന്നുള്ളത് പല പാഠാന്തരങ്ങളോടുകൂടി കേരളത്തിൽ പ്രയോഗിക്കപ്പെടുന്നുണ്ട്. അതായത് ഇതുവരെ കേരളത്തിൽനിന്നും ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ കൃത്യമായ ലളിതാസഹസ്രനാമം എന്നൊന്നില്ല.

RNI Registration Number – KERMAL/2012/56910



Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda, Thrissur, Kerala,680712. Editor: D.Prakash